ഹേമന്തം 2007

# അന്ത്യ നാളുകൾക്കു വെളിച്ചം



Tony Pearce

അന്ത്യകാല സംഭവങ്ങളെ ബൈബിൾ പ്രവചനങ്ങളുമായി താരതമ്യം ചെയ്യുന്ന ഒരു പ്രസിദ്ധീകരണം.

## മണലിന്മേൽ പണിത വീട്

മുൻ എണ്ണ വ്യവസായിയായ ജറമി ലെഗറ്റ് ഈ വർഷം ജനുവരി 20-ാം തീയതി 'ദി ഇൻഡിപ്പെൻഡെന്റ്" പത്രത്തിൽ, 'വരുവാൻ പോകുന്ന എണ്ണ പ്രതിസന്ധിയേക്കുറിച്ച് നിങ്ങൾ അറിയരുത് എന്ന് അവർ ആഗ്രഹിക്കുന്നത്', എന്ന തലക്കെട്ടിൽ ഒരു ലേഖനം എഴുതിയിരുന്നു. അദ്ദേഹം പറയുന്നു, 'യൂറോപ്പിനെ ഒരു ഭൂതം ബാധിച്ചിരിക്കുകയാണ്. നാഗരികതയ്ക്ക് വ്യതിയാനം വരുത്തുന്ന തീവ്രമായ ഇന്ധനക്ഷാമം....... നാം ചെയ്യുന്ന സകലത്തിനും എണ്ണ അനിവാര്യമാണ്. കരയിലായാലും വെള്ളത്തിലായാലും വായുവിലായാലും നമ്മുടെ ഗതാഗതത്തിന്റെ തൊണ്ണൂറു ശതമാനവും എണ്ണയെ ആശ്രയിച്ചിരിക്കുന്നു. കടകളിൽ വിൽക്കുന്ന തൊണ്ണൂറ്റിയഞ്ചു ശതമാനം ഉൽപ്പന്നങ്ങളിലും എണ്ണ ഉപയോഗം ഉൾപ്പെട്ടിട്ടുണ്ട്. നമ്മുടെ ഭക്ഷ്യ ഉൾപ്പന്നങ്ങൾക്കും തൊണ്ണൂറ്റിയഞ്ചു ശതമാനവും എണ്ണ ആവശ്യമുണ്ട്.'

ലോകം ദിവസേന 80 ദശലക്ഷം വീപ്പയും വർഷം തോറും 29,000,000,000,000 (29 ലക്ഷം കോടി) വീപ്പയും എണ്ണ ഉപയോഗിക്കുന്നു. കഴിഞ്ഞ ദശകങ്ങളിലെപ്പോലെ ഈ സംഖ്യ അതിവേഗം കുതിച്ചുയരുകയാണ്. അമേരിക്കൻ ഗവൺമെന്റിന്റെ കണക്കനുസരിച്ച്, 2025 ആകുമ്പോളേക്കും ആഗോള എണ്ണ ആവശ്യം ദിവസേന 1200 ലക്ഷം


വെളിപ്പാടു പുസ്തകം എഴുതപ്പെട്ടത് എപ്പോൾ? 8

സ്വാതന്ത്ര്യത്തിന്റെ അന്ത്യം 14

കാലത്തിന്റെ അടയാളങ്ങൾ 18

വീപ്പയും വർഷം തോറും 43 ലക്ഷം കോടി വീപ്പയുമായി ഉയരും എന്ന് വിദഗ്ദ്ധൻ കണക്കുകൂട്ടുന്നു. എന്നാൽ, അത്രയും ഉല്പാദിപ്പിക്കുവാൻ എണ്ണ വ്യവസായത്തിന് യാതൊരു നിവൃത്തിയും ഇല്ലാതെവരും. ലെഗറ്റ് പറയുന്നത്, 'നമ്മുടെ ഭാവി സാമ്പത്തിക ക്ഷേമത്തിന്റെ പരമപ്രധാന അടിസ്ഥാനം അഴുകിയിരിക്കുന്നു. ചരിത്രത്തിൽ മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്തവിധം, വളർച്ചാനിരക്കിലും അർത്ഥത്തിലും കൂട്ടായ ഒരു നിഷേധാവസ്ഥയിൽ എത്തിച്ചേർന്നിരിക്കുന്നു.'

ആധുനിക വ്യവസായലോകം എണ്ണയുടെ ലഭ്യതയിലാണ് പടുത്തുയർത്തിയിരിക്കുന്നത്. നമ്മുടെ ഭവനങ്ങളും വേലസ്ഥലങ്ങളും പ്രവർത്തിക്കണമെങ്കിൽ വിദ്യുച്ഛക്തി ലഭിക്കണം, ലോകമാസകലം ചരക്കുകളുടെ നീക്കത്തിനും ആളുകൾക്കു സഞ്ചരിക്കുവാനും എണ്ണ ഒഴിച്ചുകൂടാനാവുന്നില്ല. ഇന്ധന സ്രോതസ്സുകൾ – കൽക്കരി, എണ്ണ, വാതകം, അണുശക്തി – അടയുന്നുവെങ്കിൽ മുഴു വ്യവസ്ഥയും തകരും.

പാശ്ചാത്യ ജീവിത ചര്യയ്ക്ക് അടുത്തുവരുന്ന കടുത്ത ഭീഷണിയായി 'പരമാവധി ലഭിക്കാവുന്ന എണ്ണ' (peak oil) എന്നൊരു പ്രതിഭാസത്തെ മുന്നിൽ കാണുന്ന നിരവധിയാളുകൾ അമേരിക്കയിലുണ്ട്. എണ്ണ ഉപയോഗവും ആവശ്യവും ഉയർന്നുകൊണ്ടിരിക്കുമ്പോൾ, എണ്ണ ഉൽപാദനം കുറയുന്നതിനു മുമ്പ് ഒരു പീഠഭൂമിയിൽ എത്തുന്ന ഘട്ടമാണ് 'പരമാവധി എണ്ണ.' ഒരിക്കൽ ആഗോളമായ എണ്ണയുടെ ആവശ്യം ലോകമാസകലമുള്ള ഉൽപാദത്തെ കവിയുമ്പോൾ, എണ്ണ വില റോക്കറ്റുപോലെ കുതിച്ചുയരുകയും, എണ്ണയിൽ അധിഷ്ഠിതമായ സാമ്പത്തിക വ്യവസ്ഥ തകരുകയും, ഇന്ധന ഉറവിട യുദ്ധങ്ങളുടെ പൊട്ടിത്തെറിയുണ്ടാകുകയും ചെയ്യും.

ഈ വിഷയത്തേക്കുറിച്ച് മാത്യുസാവിനാർ ഇന്റർനെറ്റിൽ ഒരു ലേഖനം എഴുതിയിട്ടുണ്ട്:
http://www.lifeaftertheoilcrash.net

അദ്ദേഹം എഴുതുന്നു, നാം അറിയുന്ന സംസ്ക്കാരം അടുത്തു തന്നെ അസ്തമിക്കുവാൻ പോകയാണ്. ഇത് നാശദിനഘോഷണഭ്രമസംഘത്തിന്റെയോ, ദുരുപദേശക്കാരായ ബൈബിൾ പ്രവചനക്കൂട്ടത്തിന്റേയോ, ഗൂഢാലോചന സിദ്ധാന്ത സംഘത്തിന്റേയോ (Conspiracy Theory Society) തലതിരിഞ്ഞ വിളിച്ചുകൂവൽ അല്ല, പ്രത്യുത, ലോകത്തിലുടനീളം ഏറ്റവും ബഹുമാനിക്കപ്പെടുന്നവരും, ഉയർന്ന ശമ്പളം പറ്റുന്നവരുമായ ഭൂതത്വ ശാസ്ത്രജ്ഞരുടേയും, ആദരണീയരായ ഊർജ്ജതന്ത്രജ്ഞരുടേയും, നിക്ഷേപ ബാങ്കിംഗ് വ്യവസായികളുടേയും, ശാസ്ത്രീയ നിഗമനമത്രേ. ന്യായയുക്തരും വിദഗ്ദ്ധരും യാഥാസ്ഥിതികരുമായ ഈ വ്യക്തികൾ 'പരമാവധി എണ്ണ' (എണ്ണക്കൊടുമുടി) എന്ന ആഗോള പ്രതിഭാസത്തെ തികച്ചും ഭയചകിതമായി വീക്ഷിക്കുന്നവരാണ്.

ഇത് എപ്പോൾ സംഭവിക്കും? സാവിനാറിന്റെ അഭിപ്രായത്തിൽ, '2005, സഹായവിലയിലുള്ള എണ്ണ ഭാഗ്യത്തിന്റെ അന്തിമ ആണ്ട് ആയിരിക്കുമെന്ന് ഭൂതത്വ ശാസ്ത്രജ്ഞർ പ്രതീക്ഷിക്കുന്നു.' 'എണ്ണ വ്യവസായികളുടെ ഗണനയിൽ, 2007 – നു ശേഷം നികത്താനാകാത്തത് എന്നു തോന്നിക്കുന്ന വിധത്തിൽ ഉൽപാദനവും ഉപയോഗവും തമ്മിൽ വിടവുണ്ടായി, ഇന്ധനക്ഷാമം വർദ്ധിച്ച് ഏകദേശം 2008 – 2012 കാലയളവു തുടങ്ങി വിദ്യുച്ഛക്തിയുടെ പരിമിതിയിൽ ഇരുണ്ട

രാത്രികളെ നേരിടേണ്ടി വരുമെന്ന്', റിച്ചാർഡ് ഹെയിൻബെർഗ്ഗ് തന്റെ 'പുകയുന്ന തോക്ക്: പരമാവധി എണ്ണയിൽ സി.ഐ.എ. താല്പര്യം', എന്ന ലേഖനത്തിൽ പറയുന്നു. 'എണ്ണ ഭൂതത്വ ശാസ്ത്രജ്ഞൻമാരുടെയിടയിൽ വളർന്നു വരുന്ന അഭിപ്രായ ഐക്യപ്രകാരം, ഈ സംഭവം 2006 – നും 2015 – നും മദ്ധ്യേ ഉണ്ടാകുമെന്നാണ് പറയുന്നത്.'

എണ്ണയ്ക്കു സമാന്തരമായി മറ്റ് ഇന്ധന സ്രോതസ്സ് കണ്ടെത്തുവാനുള്ള ശ്രമം വെറും വ്യാമോഹമാണെന്ന് സാവിനാർ അഭിപ്രായപ്പെടുന്നു. ഹരിതക ഏകാന്തരങ്ങളായ സൂര്യതാപം, കാറ്റ്, തിരമാല തുടങ്ങിയവയിൽ നിന്നും, ഇപ്പോൾ എണ്ണയിൽ നിന്നും ലഭ്യമായിക്കൊണ്ടിരിക്കുന്ന ഇന്ധനത്തിന്റെ വളരെ ചെറിയ ഒരു ഭാഗമേ ലഭിക്കൂ. എണ്ണയ്ക്കു പകരം ഹൈഡ്രജൻ വാതകം ഉപയോഗിക്കുന്നത് പ്രായോഗിക ബുദ്ധിമുട്ടുണ്ടാക്കും. എന്തെന്നാൽ അത് ഉല്പാദിപ്പിക്കുവാനും സംഭരിച്ചുവെയ്ക്കുവാനും ഭീമമായ പണച്ചെലവുണ്ടാകും. എണ്ണയിൽ അധിഷ്ഠിതമായ വ്യവസായ വ്യവസ്ഥയിൽ നിന്നും പക്ഷാന്തരമായി മറ്റൊന്നിലേക്ക് മാറ്റപ്പെടുന്നതിന് വൻതോതിലുള്ള ആന്തരീക സംവിധാനം വികസിപ്പിച്ചെടുക്കുന്നതിന് വേണ്ടത്ര സമയമില്ലെന്ന് അദ്ദേഹം പറയുന്നു.

ഇതിനെല്ലാം പുറമേ, ഇന്നു ലോകത്തിൽ ഏറ്റവും അധികം എണ്ണ സംഭരിച്ചു നൽകുന്നവരെ നമ്പാൻ സാധിക്കുമോ എന്ന വസ്തുതയും അവശേഷിക്കുന്നു. കണ്ടെത്തിയിട്ടുള്ള ആഗോള എണ്ണ നിക്ഷേപങ്ങളിൽ എഴുപതു ശതമാനവും പശ്ചിമേഷ്യയിലാണ്. ലോകത്തിൽ ഏറ്റവും കൂടുതൽ തെളിയിക്കപ്പെട്ട എണ്ണ നിക്ഷേപമുള്ളത് സൗദി അറേബ്യയിലാണ്, 264.2 ലക്ഷം കോടി വീപ്പ (ലോകത്തിൽ ആകെയുള്ളതിന്റെ 25%). ഇവിടെ നിന്നുമുള്ള എണ്ണ, ഖനനം ചെയ്യുവാനും കയറ്റുമതി ചെയ്യുവാനും എളുപ്പമാണ്. കാസ്പിയൻ കടൽ ഭാഗങ്ങളിലും മദ്ധ്യേഷ്യയിലും അടുത്തകാലത്ത് കണ്ടെത്തിയിട്ടുള്ള എണ്ണ നിക്ഷേപം നേരത്തെയുണ്ടായിരുന്ന പ്രതീക്ഷപോലെ വിപുലമല്ല, എന്നു മാത്രമല്ല, കര ഭൂമികൊണ്ട് ആവരണം ചെയ്യപ്പെട്ടിരിക്കുന്നതിനാൽ, തെക്കോട്ട് അഫ്ഗാനിസ്ഥാനേപ്പോലെ അസ്ഥിരവും അഥവാ പടിഞ്ഞാറോട്ട് കാക്കസസ്സ് പർവ്വത പ്രദേശങ്ങളിലൂടെയും പൈപ്പ് ലൈൻ വേണ്ടിവരുന്നതാണ്. ഇറാഖിൽ തുടരെ ഉണ്ടാകാറുള്ളതുപോലെ ഭീകരപ്രവർത്തകർ എണ്ണക്കുഴലുകൾ തകർത്തു കളയുവാനുള്ള സാദ്ധ്യതയും അവശേഷിക്കുന്നു.

എവിടെയെങ്കിലും തടസം നേരിട്ടാൽ കമ്പോളം നടുങ്ങി എണ്ണവില കുതിച്ചുയരും. ടെക്സാസിലെ എണ്ണ വിശ്ലേഷകൻ മാറ്റ് സിമ്മൺസ്, 'മരുഭൂമിയിലെ സന്ധ്യാ വെളിച്ചം' എന്ന പേരിൽ ഒരു പുസ്തകം എഴുതിയിട്ടുണ്ട്. അതിൽ റോക്കറ്റുപോലെ കുതിച്ചുയരുന്ന എണ്ണ വില, ലോകത്തെ ഒരു യുദ്ധത്തിൽ കൊണ്ടു ചാടിക്കുവാൻ സാദ്ധ്യതയുണ്ടെന്ന് സൂചിപ്പിക്കുന്നു. പശ്ചിമേഷ്യയിൽ നിന്നുള്ള എണ്ണ വരവ് തടസപ്പെടുത്തുവാൻ ഇടയാക്കുംവിധം ഇറാന്റെ അണുശക്തി പദ്ധതിയിൽ നിന്നുള്ള ഒറ്റ തീപ്പൊരി എല്ലാം ആളിക്കത്തിക്കുമോ എന്ന ആശങ്കയും ഉയർന്നുവരുവാൻ ഇടയാക്കിയിട്ടുണ്ട്. ന്യൂക്ലിയർ പരിപാടികൾ വികസിപ്പിക്കുവാനുള്ള തങ്ങളുടെ അവകാശത്തിൽ കൈകടത്തിയാൽ യൂറോപ്പിലേക്കുള്ള എണ്ണ നീക്കം ഛേദിച്ചുകളയുമെന്ന് 2006 ജനുവരിയിൽ തന്നെ ഇറാൻ ഭീഷണി മുഴക്കിയിരുന്നു. തങ്ങ

ളുടെ അണുശക്തി സ്ഥാപനങ്ങളെ ആക്രമിച്ചാൽ പേർഷ്യൻ ഉൾക്കടലിന്റെ കവാടത്തിലുള്ള ഹോർമുസ് കടലിടുക്കിലൂടെയുള്ള എണ്ണക്കപ്പൽ നീക്കം തടയുമെന്നും അവർ ഭീഷണിപ്പെടുത്തിയിട്ടുണ്ട്. ഈ ഇടുക്കു കടലിലൂടെ 15 ദശലക്ഷം വീപ്പ എണ്ണയാണ് ദിവസേന കപ്പൽ മാർഗ്ഗം കൊണ്ടുപോകുന്നത്.

അമേരിക്കയും ബ്രിട്ടണും ഉൾപ്പെടെ 50 – ൽ പരം രാജ്യങ്ങളിൽ എണ്ണ ഉൽപാദനം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. വർഷങ്ങൾ കഴിയുന്തോറും പുതിയ എണ്ണപ്പാടങ്ങൾ കണ്ടെത്തുന്നതിൽ കുറവുണ്ട്, എങ്കിലും എണ്ണയുടെ ആവശ്യം അടിക്കടി ഉയർന്നുകൊണ്ടിരിക്കുന്നു. പ്രത്യേകിച്ച് ചൈനയിലും ഇന്ത്യയിലും സാമ്പത്തിക വികസനത്തിന്റെ ഫലമായി ജനങ്ങളുടെ ജീവിത നിലവാരം അഭിവൃദ്ധിപ്പെട്ടുവരുന്നതിനാൽ എണ്ണ സ്രോതസ്സുകളിൻമേലും പരിസ്ഥിതിയിന്മേലും ആഘാതമുണ്ടായിക്കഴിഞ്ഞു. റഷ്യയിൽ വലിയ എണ്ണ നിക്ഷേപങ്ങൾ ഉണ്ടെങ്കിലും, സൈബീരിയയിലെ ഭൂഗർഭ എണ്ണക്കിണറുകൾ കൂടുതൽ ആഴത്തിലേക്ക് ഇറങ്ങിക്കൊണ്ടിരിക്കുകയാണ്. എന്നിരുന്നാലും, എണ്ണ ലഭ്യതയ്ക്ക് റഷ്യയെ ആശ്രയിക്കുവാൻ കഴിയുമോ എന്നു നിശ്ചയിക്കാനാവില്ല. 2006 ജനുവരിയിൽ വൻതോതിലുള്ള നിരക്ക് ആവശ്യപ്പെട്ടതിനാൽ, വില വർദ്ധിപ്പിച്ചില്ലെങ്കിൽ യൂക്രയിനിലേക്കുള്ള പ്രകൃതി വാതക പ്രവാഹം വിച്ഛേദിക്കുമെന്ന് ഭീഷണി പുറപ്പെടുവിക്കുകയുണ്ടായി. യൂക്രയിന്റെ പാശ്ചാത്യ ചായ്‌വുള്ള നയങ്ങൾക്കെതിരെയുള്ള ഒരു ശിക്ഷയായിട്ടാണ് അനേകർ ഇതിനെ കാണുന്നത്. എങ്കിലും ശീതകാലത്തിനു നടുവിൽ വാതകം നൽകുന്നത് നിറുത്തിവെയ്ക്കുമെന്ന റഷ്യൻ ഭീഷണി യൂക്രയിനെ ബാധിച്ചില്ല. സംഘർഷം പുറത്തുവന്നപ്പോൾ യൂറോപ്യൻ രാജ്യങ്ങൾ ഏതാനും ദിവസങ്ങളിൽ അതീവ ആശങ്കയോടെയാണ് കാര്യങ്ങൾ നിരീക്ഷിച്ചത്. പാശ്ചാത്യ രാജ്യങ്ങളിലേക്കുള്ള പ്രകൃതി വാതക പ്രവാഹം നിയന്ത്രിക്കുന്ന ബൃഹത്തായ റഷ്യൻ കമ്പനി ഗാസ്പ്രോമിന്റെ സഹമേധാവി ലണ്ടനിലെത്തി ബ്രിട്ടണു ലഭിക്കേണ്ട പ്രകൃതിവാതകത്തിന് യാതൊരുവിധ ഭീഷണിയുമില്ലെന്ന് വീണ്ടും ഉറപ്പ് നൽകുകയുണ്ടായി. തൊട്ടടുത്ത ദിവസം, മോസ്ക്കോയിലെ അന്തരീക്ഷ ഊഷ്മാവ് കഴിഞ്ഞ 50 വർഷങ്ങളിൽ ഉണ്ടായിട്ടുള്ളതിൽ വെച്ച് ഏറ്റവും താണനിലയിൽ എത്തി (-30 C), തൻനിമിത്തം കയറ്റുമതി ചെയ്യേണ്ട വാതകം സ്വന്ത ദേശത്തേക്ക് തിരിച്ചുവിടേണ്ടി വന്നു. പാശ്ചാത്യദേശങ്ങളിലേക്കു കൊടുക്കേണ്ടിയിരുന്ന അളവിനു താഴ്ചയുണ്ടായി. വൻതോതിൽ നിയന്ത്രണാധികാരം ലഭിക്കത്തക്കവണ്ണം ബ്രിട്ടീഷ് ഗാസിന്റെ ഓഹരി ഗാസ്പ്രോം കമ്പനി വാങ്ങുവാൻ ശ്രമിക്കുന്നു എന്ന വാർത്ത ഈ വിഷയം കൂടുതൽ അസ്വസ്ഥമാക്കുകയുണ്ടായി.

വിലയിൽ വൻ വർദ്ധന പ്രഖ്യാപിച്ചിരിക്കുന്നതിനാൽ, ഈ വഴിക്കുള്ള വാതക ലഭ്യതയ്ക്ക്, ഒരിക്കൽ പാശ്ചാത്യ രാജ്യങ്ങളെ ശീതസമരം കൊണ്ടു നേരിട്ടിരുന്ന ഒരു ശക്തിയെ തീരെ ആശ്രയിക്കാവുന്നതല്ല. എന്തായാലും, റഷ്യൻ പ്രസിഡന്റ് പുട്ടിൻ ഒരിക്കൽ എഴുതിയ ഒരു പ്രബന്ധത്തിൽ, ആഗോളശക്തി വീണ്ടെടുക്കുവാൻ റഷ്യയ്ക്ക് ഇന്ധന സ്രോതസ്സുകളെ ആയുധമാക്കാമെന്ന് സൂചിപ്പിച്ചിരുന്നു. യൂറോപ്പിൽ എല്ലായിടവും ഉപയോഗിക്കുന്ന പ്രകൃതി വാതകത്തിൽ നാലിലൊന്നും റഷ്യയിൽ നിന്നാണ്. അതിൽ തൊണ്ണൂറു ശതമാനവും യൂക്രയിനിൽക്കൂടിയാണ് ഒഴുകി

യെത്തുന്നത്. ഇപ്പോൾ ഉത്തര സമുദ്രത്തിനടിയിൽക്കൂടി റഷ്യയിൽ നിന്നും ജർമ്മനിയിലേക്കു നിർമ്മിച്ചുകൊണ്ടിരിക്കുന്ന പൈപ്പ് ലൈൻ പൂർത്തിയാകുമ്പോഴേക്കും വാതക നീക്കത്തിൽ വർദ്ധനയുണ്ടാകും. ബ്രിട്ടൺ ഈ വാതക പൈപ്പ് ലൈനിന്റെ അവസാനഭാഗത്ത് ആകയാൽ ഉത്തര സമുദ്രത്തിലെ എണ്ണയും പ്രകൃതി വാതകവും ക്ഷയിക്കുമ്പോഴേക്കും ഇതു ഒഴിച്ചുകൂടാനാവാതെയാകും.

എണ്ണയുടെ ഉറവിടങ്ങൾ വിച്ഛേദിക്കപ്പെടുകയോ, എണ്ണയുടേയും പ്രകൃതി വാതകത്തിന്റേയും വില കുതിച്ചുയരുകയോ ചെയ്താൽ ലോകം താറുമാറായ ഒരു അവസ്ഥയിലേക്കു വഴുതി വീഴും. ഈ യുഗത്തിന്റെ അന്ത്യകാലത്ത് അപ്രകാരം ഒരു സ്ഥിതിവിശേഷം സംജാതമാകുന്നതിനെ, ഗർഭിണിയുടെ പ്രസവവേദനയായിട്ടാണ് ബൈബിൾ പ്രവചനങ്ങളിൽ ഉപമിച്ചിരിക്കുന്നത്:

*'സഹോദരന്മാരേ, കാലങ്ങളേയും സമയങ്ങളേയും കുറിച്ചു നിങ്ങളെ എഴുതി അറിയിപ്പാൻ ആവശ്യമില്ല. കള്ളൻ രാത്രിയിൽ വരുമ്പോലെ കർത്താവിന്റെ നാൾ വരുന്നു എന്നു നിങ്ങൾ തന്നെ നന്നായി അറിയുന്നുവല്ലോ. അവർ സമാധാനമെന്നും നിർഭയമെന്നും പറയുമ്പോൾ ഗർഭിണിക്കു പ്രസവവേദന വരുംപോലെ അവർക്കു പെട്ടെന്നു നാശം വന്നു ഭവിക്കും' (1 തെസ്സ 5 : 1 – 3).*

ഒരു സ്ത്രീക്ക് പ്രസവവേദന തുടങ്ങുമ്പോൾ ഒരു കുട്ടി ജനിക്കുവാൻ സാദ്ധ്യതയുണ്ടാകും. ആസന്നമായ ജനനത്തേക്കുറിച്ച് അവൾക്ക് അറിയാം, എങ്കിലും അവൾ കുട്ടിയേ കാണുന്നില്ല, എത്ര സമയം മുന്നോട്ട് പോകുമെന്ന് അറിയുന്നുമില്ല. ഇന്ന് യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിന്റെ അടയാളങ്ങൾ കണ്ടു തുടങ്ങിയിരിക്കുന്നു – ഏതാനും അടയാളങ്ങൾ മാത്രമല്ല, എല്ലാ അടയാളങ്ങളും. ഈ ലേഖനത്തിൽ ഞങ്ങൾ വിശദീകരിക്കുന്ന ഈ ആപൽഘട്ടം വന്നു ഭൂലോകമാസകലമുള്ള പൊട്ടിത്തെറിയുണ്ടാകുവാൻ എത്രകാലം എടുക്കുമെന്ന് അറിഞ്ഞുകൂടാ, എങ്കിലും അതു സംഭവിക്കുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. അതു സംഭവിക്കുമ്പോൾ ലോകം ബൈബിളിൽ വിവരിച്ചിരിക്കുന്നതുപോലെ മഹോപദ്രവം എന്നൊരു കാലത്തിലേക്കു പ്രവേശിക്കും. ഈ കാലഘട്ടത്തെ ഇങ്ങനെയാണ് മത്തായി 24: 21, 22 വേദഭാഗത്ത് യേശു വിശദീകരിച്ചിരിക്കുന്നത്:

*'ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതുമായ വലിയ കഷ്ടം അന്നു ഉണ്ടാകും. ആ നാളുകൾ ചുരുങ്ങാതിരുന്നാൽ ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല; വൃതന്മാർ നിമിത്തമോ ആ നാളുകൾ ചുരുങ്ങും.'*

നമ്മുടെ സമൂഹത്തിന്റെ അടിസ്ഥാനം കുലുങ്ങുന്നുവെന്ന് ആർക്കും കാണാവുന്നതാണ്.ആധുനിക സാങ്കേതിക വിദ്യാസമൂഹം, പ്രസിദ്ധമായ യേശുവിന്റെ വചനങ്ങളുമായി ഒത്തുവരുന്നു:

*'ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ട് ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോട് തുല്യനാകുന്നു. വൻമഴ ചൊരിഞ്ഞു, നദികൾ പൊങ്ങി, കാറ്റ് അടിച്ചു, ആ വീട്ടിൻമേൽ അലെച്ചു; അത് പാറമേൽ അടിസ്ഥാനമുള്ളതാകയാൽ വീണില്ല. എന്റെ ഈ വചനങ്ങളെ കേട്ട് ചെയ്യാത്തവൻ ഒക്കെയും മണലിൻമേൽ വീടു പണിത മനുഷ്യ*

*നോട് തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു, നദികൾ പൊങ്ങി, കാറ്റ് അടിച്ചു, ആ വീട്ടിന്മേൽ അലെച്ചു, അതു വീണു; അതിന്റെ വീഴ്ച വലിയതായിരുന്നു' (മത്തായി 7 : 24 – 27).*

പെട്ടെന്നു തന്നെയോ, പിന്നീടോ കൊടുങ്കാറ്റുണ്ടായി വീടു തകരും. അപ്പോൾ എനിക്കും നിങ്ങൾക്കും എന്തു സംഭവിക്കും? മുൻപ് ഒരു കാലത്തും മാനവചരിത്രത്തിൽ ഉണ്ടായിട്ടില്ലാത്ത വിധമാണ് മനുഷ്യവർഗ്ഗത്തെ ലോക സാഹചര്യങ്ങൾ മുന്നോട്ടു തള്ളി നീക്കുന്നത്. അത് ലോകത്തിലെ സകല രാജ്യങ്ങളേയും ബാധിച്ച് ഭൂമിയിലെ സകല ജീവജാലങ്ങളുടേയും അന്ത്യം കുറിക്കുവാനുള്ള സാദ്ധ്യതയാണ് അതിൽ കാണുന്നത്. അല്ലാത്ത പക്ഷം മനുഷ്യൻ ഈ ഗ്രഹത്തെ അലക്ഷ്യമായി കൈകാര്യം ചെയ്തു നശിപ്പിക്കുന്ന നാളുകൾ 'ചുരുങ്ങുവാൻ' തക്കവണ്ണം ദൈവം കർത്താവായ യേശുവിന്റെ മടങ്ങിവരവിലൂടെ രംഗപ്രവേശനം നടത്തണം.

കാര്യങ്ങൾ അങ്ങനെയാണെങ്കിലും, ഭാവിയേക്കുറിച്ച് നമുക്ക് ഒരു മഹത്തായ പ്രത്യാശയ്ക്കു വകയുണ്ട്. യേശു പറഞ്ഞു.

*'ഇതു സംഭവിച്ചു തുടങ്ങുമ്പോൾ നിങ്ങളുടെ വീണ്ടെടുപ്പ് അടുത്തു വരുന്നതുകൊണ്ട് നിവർന്നു തലപൊക്കുവിൻ' (ലൂക്കോസ് 21 : 28).*

ലോകത്തിനു പ്രത്യാശയായി കർത്താവായ യേശുക്രിസ്തുവിന്റെ മടങ്ങി വരവിനെ നാം കാണേണ്ടതിനാണ് ഈ കാര്യങ്ങൾ സംഭവിച്ചു തുടങ്ങിയിരിക്കുന്നത്. ഭൂമിയുടെമേൽ അനുഭവപ്പെടുവാൻ പോകുന്നുവെന്ന് യേശു പറഞ്ഞ കാര്യങ്ങൾ കണ്ട് മനുഷ്യർ നിർജ്ജീവന്മാർ (ഹൃദയസ്തംഭനം) ആകുമ്പോൾ (ലൂക്കോ 21 : 26), വിശ്വാസികൾക്ക് തികച്ചും വ്യത്യസ്തമായ ഒരു പ്രതീക്ഷയാണുള്ളത്.

*'നാം ഭാഗ്യകരമായ പ്രത്യാശയ്ക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതയ്ക്കായിട്ടും കാത്തുകൊണ്ട് ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർദ്ധിച്ചിട്ട് ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടെ ജീവിച്ചു പോരേണ്ടതിന് അത് നമ്മെ ശിക്ഷിച്ചു വളർത്തുന്നു' (തീത്തോസ് 2:12 – 14).*

ലോകത്തെമ്പാടും വെളിച്ചം അസ്തമിക്കുമ്പോൾ, അവിടുത്തെ നാമത്തിൽ വിശ്വസിക്കുന്നവരിൽ ഒരിക്കലും കെട്ടുപോകാത്ത യേശുക്രിസ്തുവിലുള്ള വിശ്വാസത്തിന്റേയും പ്രത്യാശയുടേയും വെളിച്ചമാണ് നമ്മിലുള്ളത്. എണ്ണയിൽ അധിഷ്ഠിതമായ വ്യവസായ സമൂഹത്തിന്റെ തകർച്ചയിൽ നിന്നും രക്ഷ നേടുന്നതിന് സാവിനാർ തന്റെ ലേഖനത്തിൽ നിർദ്ദേശിച്ചു കഴിഞ്ഞിരിക്കുന്നത്, 'ഈ വിധ പ്രശ്നങ്ങളിൽ നിന്നും ഒഴിഞ്ഞിരിക്കുവാൻ തക്കവണ്ണം ആളുകൾ സുരക്ഷിത സ്ഥാനങ്ങളിലേക്ക് ഒഴിഞ്ഞു പോകുക' എന്നാണ്. എന്നാൽ അനേകം ആളുകൾക്ക് അത് സാദ്ധ്യമാവുകയില്ല, എന്നാൽ തന്നെയും അത് നിങ്ങളെ ഒരു പ്രകാരത്തിലും രക്ഷിക്കുകയും ഇല്ല. നോഹയുടെ നാളുകളിലേപ്പോലെ രക്ഷപ്പെടുവാൻ യാതൊരു മാർഗ്ഗവുമില്ല.

എങ്കിലും തന്റെ ജനങ്ങളെ സ്ഥലം മാറ്റിക്കൊണ്ടുപോകുന്നതിന് കർത്താവിന് ഒരു പദ്ധതിയുണ്ട്:

*'കർത്താവ് താൻ ഗംഭീര നാദ*

*ത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വരികയും ക്രിസ്തുവിൽ മരിച്ചവർ മുൻപേ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെ ഇരിക്കും' (1 തെസ്സ 4 : 16 – 17).*

സഭയുടെ ഉൽപ്രാപണം (Rapture of the Church) എന്ന ഈ സംഭവം, രാത്രിയിൽ കള്ളൻ വരുന്നതുപോലെ അപ്രതീക്ഷിതമായും മുന്നറിയിപ്പില്ലാതെയും നടക്കും. മഹാപീഡയുടെ കാലത്ത് ഭൂമിയുടെ മേൽ വീഴുവാൻ പോകുന്ന ന്യായവിധിയിൽ അകപ്പെടുന്നതിന് മുൻപ് രക്ഷിക്കപ്പെട്ടവർ നൊടിയിടയിൽ ഒരു സുരക്ഷിത സ്ഥാനത്തേക്ക് എടുക്കപ്പെടും.

ഇതിന്റെ വെളിച്ചത്തിൽ ലോകത്തിനുള്ള ഏക പ്രത്യാശ കർത്താവായ യേശുവിന്റെ മടങ്ങിവരവാണ്. ലോകനേതാക്കൾക്കു ലോകത്തെ രക്ഷിക്കുവാൻ കഴിയുകയില്ല, കാരണം മുഴുലോക വ്യവസ്ഥയും തെറ്റായ അടിസ്ഥാനങ്ങളിന്മേൽ നിൽക്കുകയാണ്. മറ്റെല്ലാം കുലുങ്ങുമ്പോൾ, ദൈവരാജ്യം ഇളകുകയില്ല. ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ, 'നിങ്ങൾ പുതിയതായി ജനിക്കണം' (യോഹ 3 :7) എന്ന് യേശു പറയുന്നു, ശാരീരികമായല്ല, ആത്മീകമായി നമ്മുടെ പാപങ്ങളേയും അവിശ്വാസത്തേയും കുറിച്ച് അനുതപിച്ച്, തന്റെ പുത്രനായ യേശുവിനെ ലോകത്തിലേക്ക് അയച്ച് നമ്മുടെ പാപത്തിന് വില കൊടുത്ത് മരിച്ച് ഉയർത്തെഴുന്നേൽക്കുവാൻ വഴിയൊരുക്കിയ ദൈവത്തിൽ ആശ്രയം വെയ്ക്കുമ്പോളാണ് ഇതു സാധിക്കുന്നത്. യേശുവിൽ ആശ്രയം വെച്ചിരിക്കുന്ന നമുക്ക് മരണത്തിൽ നിന്നും നിത്യജീവനിലേക്കു കടക്കുവാൻ കഴിയും.

നിങ്ങൾ ഇതുവരെയും അപ്രകാരം ഒരു നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ഇപ്പോൾ തന്നെ ആ തീരുമാനം ചെയ്യുക. യേശു മശിഹായിലൂടെയുള്ള രക്ഷ സ്വീകരിക്കുവാൻ നിങ്ങൾക്കു ഈ പ്രാർത്ഥന ഏറ്റു ചൊല്ലാം:

***'പ്രിയ സ്വർഗ്ഗീയ പിതാവേ, ഞാൻ ഒരു മഹാപാപിയാണെന്നും എന്റെ പാപങ്ങൾ ക്ഷമിക്കപ്പെടേണ്ടതാണെന്നും ഞാൻ അറിയുന്നു. യേശു മശിഹാ എനിക്കുവേണ്ടി മരിച്ച്, എന്റെ പാപങ്ങൾക്കു ബലിയായി രക്തം ചൊരിഞ്ഞ്, എനിക്കു നിത്യജീവൻ നൽകുവാൻ മരിച്ചവരിൽ നിന്നും ഉയർത്തെഴുന്നേറ്റു എന്നു ഞാൻ വിശ്വസിക്കുന്നു. ഇപ്പോൾ എന്റെ പാപങ്ങളെ വിട്ടുതിരിഞ്ഞ് യേശു മശിഹായെ എന്റെ സ്വന്തം കർത്താവും രക്ഷകനുമായി സ്വീകരിക്കുന്നു. എന്റെ ജീവിതം അവിടുത്തേക്ക് സമർപ്പിച്ചു തന്ന്, അവിടുത്തെ പരിശുദ്ധാത്മാവിനെ എന്റെ ജീവിതത്തിലേക്കു അയച്ച് നിറയ്ക്കേണമേ എന്നും, അവിടുന്നു ആഗ്രഹിക്കും പ്രകാരമുള്ള ഒരു വ്യക്തിയായി ജീവിക്കുവാൻ, എന്റെ ജീവിതത്തിന്റെ നിയന്ത്രണം ഏറ്റെടുക്കേണമേ എന്നും അപേക്ഷിക്കുന്നു. യേശുവേ, എന്നെ സ്നേഹിക്കുന്നതിനായി നന്ദി പറയുന്നു. യേശുവിന്റെ നാമത്തിൽആമേൻ'*** ★

# വെളിപ്പാട് പുസ്തകം എഴുതപ്പെട്ടത് എപ്പോൾ?

പുതിയനിയമ പുസ്തകങ്ങൾ എഴുതപ്പെട്ട കാലത്തേക്കുറിച്ച് ആളുകൾ എഴുതുമ്പോൾ, ആ പുസ്തകങ്ങളോടുള്ള ബന്ധത്തിൽ അവരുടെ വേദശാസ്ത്രപരമായ നിലപാട് പലപ്പോഴും പ്രതിഫലിക്കാറുണ്ട്. ബൈബിളിനെ അപ്പടി വിശ്വസിക്കുവാൻ കൂട്ടാക്കാത്ത വേദപണ്ഡിതരും സംശയവാദികളും സുവിശേഷങ്ങൾ എഴുതപ്പെട്ട കാലഘട്ടത്തേക്കുറിച്ച്, അതിന്റെ ആധികാരികതയേക്കുറിച്ച്, സംശയം ജനിപ്പിക്കുവാൻ തക്കവണ്ണം, സംഭവം നടന്നതിനു വളരെ ക്കാലം കഴിഞ്ഞുള്ള തീയതികളാണു പറയുന്നത്.

പുതിയ നിയമ എഴുത്തുകാരുടെ സാക്ഷ്യങ്ങളെ നാം അതിലെ വാക്കുകളനുസരിച്ച് വിശ്വസിച്ചാൽ, ഇപ്പോൾ നാം പുതിയ നിയമത്തിൽ വായിക്കുന്ന സംഗതികൾ എ.ഡി. 70-ൽ യരുശലേം ദൈവാലയം നശിപ്പിക്കപ്പെടുന്നതിന് മുൻപ് എഴുതിയിരിക്കണം. പുതിയ നിയമത്തിന്റെ തീയതികൾ കണക്കാക്കുന്നതിലെ കേന്ദ്രസ്ഥാനം അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകമാണ്. അപ്പൊസ്തല പ്രവൃത്തികളിലെ അവസാന അദ്ധ്യായങ്ങളിലെ സംഭവങ്ങൾ എ.ഡി. 62-നു മുമ്പ് നടന്നിരിക്കണം എന്നുള്ള നിഗമനം യുക്തിക്കു നിരക്കുന്നതാണ്. ഈ അദ്ധ്യായങ്ങളിൽ കാണപ്പെടുന്ന റോമാ സാമ്രാജ്യത്തേക്കുറിച്ചുള്ള കാഴ്ചപ്പാട് താരതമ്യേന സൗമ്യമായിരുന്ന നീറോ ചക്രവർത്തിയുടെ ആദിമ ആണ്ടുകളിൽ അദ്ദേഹത്തിന്റെ അദ്ധ്യാപകനും, തത്വജ്ഞാനിയുമായിരുന്ന സിനേക്കായുടെ (നീറോ വാണിരുന്നത് എ.ഡി. 54 മുതൽ 68 – വരെയാണ്) സ്വാധീനം വെളിപ്പെടുത്തുന്നതാണ്. എ.ഡി. 59 ആയപ്പോഴേക്കും നീറോയുടെ മേൽ സിനേക്കായ്ക്കുള്ള സ്വാധീനം കുറയുകയും, എ.ഡി. 62-ൽ ജോലിയിൽ നിന്നും വിരമിച്ച് പൂർണ്ണ സമയം പുസ്തക രചനയിൽ വ്യാപൃതനായി സിനേക്കാ പൊതു ജീവിതത്തിൽ നിന്നും പിൻവലിഞ്ഞപ്പോൾ, നീറോ കൂടുതൽ കൂടുതൽ സ്വേച്ഛാധിപതിയായി മാറുകയുമായിരുന്നു. അപ്പൊസ്തോല പ്രവർത്തികൾ 25-ൽ വായിക്കുമ്പോലെ ജൊസീഫസിന്റെ ചരിത്രപ്രകാരം ദേശാധിപതിയായ ഫെസ്തോസ് എ.ഡി. 59 -ൽ ഫേലിക്സിന്റെ പിൻഗാമിയാകുകയും എ.ഡി. 62-ൽ മരിക്കുകയും ചെയ്തു. അപ്പൊസ്തോല പ്രവൃത്തികളിൽ പൗലോസിന്റെ മരണത്തേക്കുറിച്ചു രേഖപ്പെടുത്തിയിട്ടില്ലെങ്കിലും പരമ്പരാഗതമായ വിശ്വാസം എ.ഡി. 64-നും 67-നും ഇടയിൽ ഇതു സംഭവിച്ചുവെന്നാണ്. പൗലോസിന്റെ മരണശേഷം പ്രവൃത്തികളുടെ പുസ്തകം എഴുതപ്പെടുവാനുള്ള സാദ്ധ്യത തുലോം കുറവാണ്. തീർച്ചയായും ലൂക്കോസ് ആയിരിക്കുമല്ലോ ഈ സംഭവങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്.

അപ്പൊസ്തല പ്രവൃത്തികളുടെ തുടക്കത്തിൽ ലൂക്കോസ് പറയുന്നത് തന്റെ

സുവിശേഷം അതിനുമുമ്പ് എഴുതിയിട്ടുള്ളതാണ് എന്നത്രേ. മറ്റു സുവിശേഷങ്ങൾ അതിനു മുമ്പ് എഴുതപ്പെട്ടു എന്ന് ലൂക്കോസിന്റെ സുവിശേഷം ആരംഭത്തിൽ സൂചിപ്പിക്കുന്നു. കുറഞ്ഞപക്ഷം, മർക്കോസും, ഒരു പക്ഷേ മത്തായിയും ഇതിൽ ഉൾപ്പെട്ടിരിക്കണം. പൗലോസിന്റെ ലേഖനങ്ങൾ തന്റെ മരണത്തിനു മുമ്പ് എഴുതിയിരിക്കണം! പത്രോസിന്റെയും (ഏതാണ്ട് എ.ഡി. 64-68 കാലയളവിൽ രക്തസാക്ഷിയായി) യാക്കോബിന്റെയും ലേഖനങ്ങളും (എ.ഡി. 62-ൽ രക്തസാക്ഷിയായി) അങ്ങനെ തന്നെ ആയിരിക്കണം. എബ്രായലേഖനം പൗലോസിന്റേതല്ലെങ്കിൽ പോലും യരുശലേം ദൈവാലയം നശിപ്പിക്കപ്പെടുന്നതിനു മുമ്പ് എഴുതിയതായിരിക്കണം, അല്ലെങ്കിൽ അതിന് അർത്ഥമില്ല. യോഹന്നാന്റെ എഴുത്തുകൾ ഒഴിച്ചാൽ പുതിയ നിയമത്തിലെ അധികഭാഗങ്ങളും ഇപ്രകാരം തന്നെ. യോഹന്നാൻ ഒന്നാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടം വരെ ജീവിച്ചിരുന്നതിനാൽ, തന്റെ പുസ്തകങ്ങൾ എ.ഡി. 70-നു ശേഷം എഴുതിയതായിരിക്കാമെങ്കിലും, അതിന്റെ അല്പ ഭാഗം ഏതാണ്ട് എ.ഡി. 60-നോടടുത്ത് എഴുതിയതാണ്.

ബൈബിൾ അപ്പടി വിശ്വസിക്കാത്ത വേദ പണ്ഡിതന്മാർ ബൈബിൾ കോളേജുകളിൽ എന്തെല്ലാം പഠിപ്പിച്ചിരുന്നാലും, പുതിയനിയമത്തിലെ ഭൂരിഭാഗങ്ങളും രണ്ടാമത്തെ ദൈവാലയം നശിപ്പിക്കപ്പെടുന്നതിനു മുമ്പ്, അതായത് എ.ഡി. 70-നു മുമ്പ് എഴുതിയിരിക്കണമെന്നു വിശ്വസിക്കുന്നത് ഇക്കാരണത്താലാണ്. എന്നിരുന്നാലും വെളിപ്പാടു പുസ്തകത്തേ സംബന്ധിച്ചിടത്തോളം പിന്നീട് ഒരു കാലയളവിൽ എഴുതപ്പെട്ടുവെന്നത് ഏറ്റവും സ്വീകാര്യമായ സംഗതിയാണ്. വെളിപ്പാട് പുസ്തകം വ്യാഖ്യാനിക്കുന്നവർ അതിന്റെ കാലഘട്ടം കൂടി കണക്കിലെടുത്താണ് നിഗമനങ്ങളിൽ എത്തിച്ചേരുക. ആയിരാമാണ്ടു വാഴ്ച അന്ത്യന്യായവിധിക്കുമുമ്പാണ് എന്ന കാഴ്ചപ്പാടുള്ളവർ, വെളിപ്പാടു പുസ്തകത്തിലെ പ്രവചന സംഭവങ്ങൾ, പ്രത്യേകിച്ചും മൃഗത്തെ/എതിർ ക്രിസ്തുവിനേക്കുറിച്ച്, (വെളി 13) ഭാവിയിൽ ഉണ്ടാകും എന്നാണ് പറയുന്നത്. വെളിപ്പാട് പുസ്തകത്തിലെ സംഭവങ്ങളും, ഒലിവുമല പ്രഭാഷണവും എ.ഡി. 70-ൽ ദൈവാലയം നശിപ്പിക്കപ്പെട്ടതോടെ നിവർത്തിക്കപ്പെട്ടു എന്ന വിരുദ്ധ ചിന്താഗതിയാണ് ഇതിൽ കാണുന്നത്. വ്യക്തമായും, ഈ സംഭവങ്ങൾക്കുശേഷമാണ് വെളിപ്പാടു പുസ്തകം എഴുതിയതെങ്കിൽ പ്രവചനം എന്ന നിലയിൽ അതിനു യാതൊരു വിലയുമില്ല.

വെളിപ്പാട് പുസ്തകം, ആദിമ സഭയും റോമാ സാമ്രാജ്യവും തമ്മിലുണ്ടായ പോരാട്ടത്തിന്റെ, പ്രത്യേകിച്ച് നീറോ ചക്രവർത്തിയുടെ ഉപദ്രവ കാലഘട്ടത്തിന്റെ നിഗൂഢ സന്ദേശമാണ് എന്ന് വ്യാഖ്യാനിക്കുന്നവരും, ബൈബിൾ അതുപോലെ വിശ്വസിക്കാത്തവരും, കത്തോലിക്കരുമുൾപ്പെടെയുള്ള വേദശാസ്ത്രജ്ഞർ ഈ കാഴ്ചപ്പാടിനെ പിന്താങ്ങുന്നു. വെളിപ്പാട് 13-ൽ കാണുന്ന 666 നീറോയെയാണ് പരാമർശിക്കുന്നത് എന്ന് അവർ അവകാശപ്പെടുന്നു. ഈ നിഗമനത്തിൽ എത്തിച്ചേരുന്ന വഴി അല്പം സങ്കീർണ്ണമാണ്. നീറോയുടെ നാമത്തിന് താരതമ്യേന അസാധാരണമായ ഒരു രൂപമാണ്, അതായത് നീറോ കൈസർ അഥവാ കൈസർ നീറോ (Caeser Nero) എന്നതിനോട് ഒറ്റ “n” കൂട്ടിച്ചേർത്ത് നീറോൻ

കൈസർ (Neron Caesar) എന്നാണ് ഇതിൽ കാണുന്നത്. അടുത്തതായി ലാറ്റിനിൽ നിന്നും അരാമ്യ ഭാഷയിലേക്ക് അക്ഷരങ്ങൾ പകർത്തിയെഴുതിയപ്പോൾ NRWN QSR എന്നായി, അക്ഷരങ്ങളുടെ സംഖ്യാ സമമായി 666 എന്നു കണക്കു കൂട്ടിയെടുക്കുന്നു:

Nun = 50
Resh = 200
Waw = 6
Nun = 50
Qoph = 100
Samech = 60
Resh = 200

എങ്കിലും മുകളിലുള്ള കണക്കു കൂട്ടലിന് ഒരു പ്രശ്നമുണ്ട്. യഹൂദ സംഖ്യാശാസ്ത്ര നിയമപ്രകാരം (gematria) Nun എന്ന അക്ഷരം ഒരു പദത്തിൽ രണ്ടാം തവണ വരുമ്പോൾ, അതിനെ 700 വിലയുള്ള ഒരു "Final"എന്നാണു പറയുക. അതുകൊണ്ട് കൃത്യമായിപ്പറഞ്ഞാൽ, NRWN QSR കൂട്ടിവരുമ്പോൾ യഥാർത്ഥത്തിൽ 666 അല്ല, 1316 ആണ്.

വെളിപ്പാട് പുസ്തകത്തിന് മുൻകൂട്ടിയുള്ള തീയതി കണക്കാക്കുവാൻ നോക്കുന്നതിന്റെ മറ്റൊരു കാഴ്ചപ്പാട് പുനഃസംഘടനാ വീക്ഷണമാണ്. സഭ ഭൂമിയിൽ ആധിപത്യം സ്ഥാപിച്ച്, ലോക ക്രിസ്തീയ സർക്കാരുണ്ടാക്കി, രാഷ്ട്രങ്ങളെ സുവിശേഷത്തിൻ കീഴിലാക്കുന്നതുവരെ യേശു വരികയില്ലെന്നാണ് ഇതിലെ വിശ്വാസം. (ഇതിനെ പുനഃസംഘടനാശാസ്ത്രം, അന്ത്യന്യായവിധിക്കു ശേഷം ആയിരമാണ്ടു വാഴ്ച, ദൈവരാജ്യ പുനഃസ്ഥാപനം അഥവാ പരമാധികാര ഉപദേശം എന്നു പറയും). രണ്ടാം വരവിന്റെ ഘട്ടത്തിൽ മഹാ പീഡയിൽ രാജ്യങ്ങൾ യേശുക്രിസ്തുവിലേക്കല്ല, എതിർ ക്രിസ്തുവിലേക്കാണു തിരിയുന്നതെന്നുള്ള ലോകത്തിന്റെ അവസ്ഥ ഈ കാഴ്ചപ്പാടിനോട് ഒത്തു വരുന്നില്ല. അതിനാൽ ഈ വാദഗതി സ്വീകാര്യമായി വരണമെങ്കിൽ വെളിപ്പാടിനും ഒലിവുമല പ്രഭാഷണത്തിനും പുനർ വ്യാഖ്യാനം നടത്തുവാൻ വഴി കണ്ടെത്തേണ്ടിയിരിക്കുന്നു.

"പ്രതികാര ദിനങ്ങൾ" എന്ന ഡേവിഡ് ഷിൽറ്റന്റെ പുസ്തകത്തിൽ അദ്ദേഹം ഇങ്ങനെ എഴുതിയിരിക്കുന്നു: 'വെളിപ്പാടു പുസ്തകം ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനേക്കുറിച്ചല്ല. അത് യിസ്രായേലിന്റെ നാശത്തേക്കുറിച്ചും ക്രിസ്തു തന്റെ ശത്രുക്കളുടെ മേൽ (അതായത് യിസ്രായേൽ) ജയം നേടി പുതിയ നിയമ ദൈവാലയം സ്ഥാപിക്കുന്നതിനേക്കുറിച്ചുമാണ്. യഥാർത്ഥത്തിൽ, വെളിപ്പാടു പുസ്തകത്തിൽ 'വരുന്നു' എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത് ഒരിക്കലും രണ്ടാമത്തെ വരവിനേക്കുറിച്ചല്ല എന്നു നമുക്കു കാണാം. വിശ്വാസ ത്യാഗിയായ യിസ്രായേലിന്മേൽ ദൈവത്തിന്റെ ന്യായവിധി വരുന്നു എന്ന പ്രവചനങ്ങളാണ് വെളിപ്പാട് പുസ്തകത്തിലുള്ളത്.' (പുറം 43).

ഏറ്റവും കൂടുതൽ യിസ്രായേൽ വിരുദ്ധ നിലപാടിൽ, വെളിപ്പാട് 19-ൽ കർത്താവായ യേശു ശക്തിയോടെ ഭൂമിയിലേക്കു മടങ്ങി വരും എന്ന പരാമർശനം എടുത്തു പറയാവുന്ന വിധത്തിൽ അവഗണിച്ച് തിരുവെഴുത്തുകളെ ഇവിടെ വളച്ചൊടിക്കുകയാണ്. എ.ഡി. 70-ലെ സംഭവങ്ങൾ യാതൊരു വിധത്തിലും 'ശത്രുക്കളുടെമേൽ ക്രിസ്തുവിന്റെ വിജയം' അല്ല. പ്രത്യുത, യഹൂദന്റെ മത്സരത്തിന്മേൽ ക്രിസ്തു വിരുദ്ധ റോമാ സാമ്രാജ്യത്തിന്റെ വിജയമായിരു

ന്നു. തീർച്ചയായും ലൂക്കോസ് 19:41-44 വാക്യങ്ങളിലും 21:20 - 24 വാക്യങ്ങളിലും കർത്താവായ യേശു ഈ കാര്യം പ്രവചിച്ചിട്ടുണ്ട്. എന്നാൽ അതിനോടു ചേർന്നു പറയുന്ന യരുശലേമിന്റെ ശൂന്യത സ്ഥിരമായ ഒരു സ്ഥിതിയല്ല:

*'ജാതികളുടെ കാലം കഴിയുവോളം ജാതികൾ യരുശലേം ചവിട്ടിക്കളയും'. ലൂക്കോസ് 21:24*

ഷിൽറ്റന്റെ കാഴ്ചപ്പാട് അർത്ഥവത്താകണമെങ്കിൽ വെളിപ്പാടു പുസ്തകം എ.ഡി. 70-നു മുമ്പ് എഴുതിയിരിക്കണം എന്ന കാര്യം പ്രധാനമാണ്. അദ്ദേഹത്തിന്റെ ഒരു പിൻ - സഹസ്രാബ്ദവാദി (post-millennialist)യായ സഹവർത്തി കെന്നത്ത് ഹെന്റി എഴുതുന്നു: 'യരുശലേമിന്റെ പതനത്തിനു 25 വർഷങ്ങൾക്കു ശേഷം വെളിപ്പാട് പുസ്തകം എഴുതപ്പെട്ടുവെന്നു തെളിയിക്കുവാൻ കഴിഞ്ഞാൽ ഷിൽറ്റന്റെ കൃതി മുഴുവൻ പുകയായി മേലോട്ട് പോകും.' 'പ്രതികാര ദിനം: ഒരു നിരൂപണ ലേഖനം', കാൽസിഡൻ കൗൺസിൽ വാല്യം 11, ലക്കം 4, പുറം 11). വാസ്തവത്തിൽ, തോമസ് ഐസ് ചൂണ്ടിക്കാട്ടുന്നതുപോലെ, 'യെരുശലേമിന്റെ വീഴ്ചയ്ക്ക് ഒരു ദിവസം എങ്കിലും കഴിഞ്ഞ് വെളിപ്പാടു പുസ്തകം എഴുതപ്പെട്ടിരുന്നുവെങ്കിൽ അത് യെരുശലേമിന്റെ വീഴ്ചയേക്കുറിച്ചുള്ള ഒരു പ്രവചനം ആയി വരികയില്ല'.

അതിനുശേഷം ഡൊമിഷ്യൻ ചക്രവർത്തിയുടെ വാഴ്ചയിൽ എ.ഡി. 95-96 കാലയളവിൽ വെളിപ്പാട് എഴുതപ്പെട്ടു എന്നാണ് തെളിവുകൾ ചൂണ്ടിക്കാട്ടുന്നത്. ആദിമ സഭയുടെ എഴുത്തുകളും സാക്ഷ്യവും ഈ കാഴ്ചപ്പാടിനെ പിൻതാങ്ങുന്നു.

ആദിമസഭാ പിതാവായ ഐറേനിയസ് (എ.ഡി 120-202) ഏകദേശം എ.ഡി. 180 -ൽ ഇങ്ങനെ എഴുതി: 'എന്നിരുന്നാലും നാം എതിർ ക്രിസ്തുവിന്റെ നാമം സംശയാതീതമായി പ്രഘോഷിക്കുവാനുള്ള സാഹസത്തിനു മുതിരുന്നില്ല; അവന്റെ നാമം ഈ കാലത്ത് വ്യക്തമായി വെളിവാക്കപ്പെടേണ്ടത് ആവശ്യമായിരുന്നുവെങ്കിൽ, ദിവ്യദർശനം കണ്ട അപ്പോസ്തോലനായ യോഹന്നാൻ അതു പ്രഖ്യാപിക്കുമായിരുന്നു. അതു കാണപ്പെട്ടിട്ട് അധിക കാലമായില്ല, മിക്കവാറും നമ്മുടെ കാലത്ത്, ഡൊമിഷ്യന്റെ വാഴ്ചയുടെ അന്ത്യഘട്ടത്തിൽ.'

ഐറേനിയസ് ഏഷ്യ മൈനറിൽ (ആധുനിക ടർക്കി) നിന്നുള്ളവനായിരുന്നു. യോഹന്നാൻ തന്റെ ജീവിതാവസാന കാലത്ത് ശുശ്രൂഷ ചെയ്ത എഫസോസും ആ ഭാഗത്താണ്. അദ്ദേഹത്തെ പഠിപ്പിച്ചത്, യോഹന്നാനിൽ നിന്നു തന്നെ പഠിച്ച പോളിക്കാർപ്പായതിനാൽ യോഹന്നാനിൽ നിന്നു നേരിട്ടുള്ള ആശയവിനിമയത്തേയാണ് പ്രതിനിധീകരിക്കുന്നത്. വെളിപ്പാട് ഡൊമീഷ്യൻ ചക്രവർത്തിയുടെ വാഴ്ചക്കാലത്ത് എഴുതപ്പെട്ടു എന്ന സാക്ഷ്യത്തെ ഇതു ബലപ്പെടുത്തുന്നു.

ഏ.ഡി. 265 - 339 കാലയളവിൽ ജീവിച്ചിരുന്ന സഭാ ചരിത്രകാരനായ യൂസിബിയസ്, വെളിപ്പാട് എഴുതപ്പെട്ട കാലഘട്ടത്തേക്കുറിച്ച് ഐറേനിയസിന്റെ നിലപാട് സ്ഥിരീകരിക്കുകയും, യോഹന്നാനെ പത്മോസ് ദ്വീപിലേക്കു നാടുകടത്തിയത് ഡൊമിഷ്യൻ ചക്രവർത്തിയുടെ വാഴ്ചയിലായിരുന്നുവെന്ന് പ്രസ്താവിക്കുകയും ചെയ്യുന്നു. ഡൊമിഷ്യന്റെ 50 ആണ്ടുകളിലെ വാഴ്ചയ്ക്കു ശേഷം, നേർവാ പിൻഗാമിയായി വന്നു. അദ്ദേഹം ഡൊമീഷ്യന്റെ വിധികളെ അസാധുവാക്കുകയും, അന്യായമായി

നാടുകടത്തപ്പെട്ടവരെ തിരികെ കൊണ്ടുവരുവാനും അവരുടെ വസ്തുവകകൾ തിരിച്ചുകൊടുക്കുവാനും റോമൻ നിയമനിർമ്മാണ സമിതി കല്പന പുറപ്പെടുവിക്കുകയും ചെയ്തു. ഈ സംഭവങ്ങളേക്കുറിച്ച് അക്കാലത്തു തന്നെ എഴുത്തുകാർ പറഞ്ഞിട്ടുണ്ട്. പൗരാണിക ക്രിസ്ത്യാനികളുടെ ചരിത്രത്തിൽ, നാടുകടത്തപ്പെട്ട യോഹന്നാൻ എഫസോസിൽ താമസമാക്കിയതായി പറയുന്നുണ്ട്. യോഹന്നാൻ ജീവിച്ചിരിക്കുകയും പത്മോസിലേക്ക് മടങ്ങിപ്പോയി ശുശ്രൂഷ തുടർന്നതായും യൂസിബിയസ് തുടർന്നു പറയുന്നു. ഐറേനിയസും അലക്സാണ്ട്രിയയിലെ ക്ലെമന്റും ഇതു സ്ഥിരീകരിച്ചിട്ടുണ്ട്. (യൂസിബിയസ് പാംഫിലസിന്റെ സഭാചരിത്രം, പരിഭാഷ ഐസക് ബോയ്ൽ, പുറം 188).

വെളിപ്പാടു പുസ്തകത്തിലെ തെളിവ് ഡൊമീഷ്യന്റെ കീഴിൽ ഉണ്ടായ പീഡനങ്ങളുമായി തികച്ചും പൊരുത്തപ്പെടുന്നുവെങ്കിലും നീറോയുടെ കീഴിലുണ്ടായിരുന്ന സാഹചര്യവുമായി യോജിച്ചു വരുന്നില്ല. നീറോയുടെ പീഡനങ്ങൾ എ.ഡി. 64-നും (റോം കത്തിയെരിഞ്ഞ വർഷം) എ.ഡി. 68-ലുണ്ടായ തന്റെ മരണത്തിനും ഇടയിലായിരുന്നു. അവ പ്രാദേശിക സ്വഭാവമുള്ളതും റോമിന്റെ ചുറ്റുപാടുമുള്ള ഭാഗങ്ങളിൽ മാത്രം ഒതുങ്ങിനിന്നതുമായിരുന്നു. അവ ഏഷ്യാമൈനർ വരെ പടർന്നതായി യാതൊരു തെളിവും ഇല്ല. നീറോ ക്രിസ്ത്യാനികളെ കൂട്ടക്കൊല ചെയ്തത് തന്റെ സ്വന്തം കുറ്റകൃത്യങ്ങളുടെ ബലിയാടുകളായാണ്, കൈസറെ ദൈവമായി ആരാധിക്കുവാൻ വിസമ്മതിച്ചതുകൊണ്ടല്ല. ഡൊമീഷ്യന്റെ പീഡനങ്ങൾ വ്യാപകമായിരുന്നു, അത് ഏഷ്യാമൈനർ വരെ എത്തുകയും ചെയ്തു. ഡൊമീഷ്യന്റെ കാലത്തുണ്ടായ പ്രശ്നം, കൈസറെ ദൈവമായി അംഗീകരിച്ച് റോമാ പൗരന്മാർ സത്യപ്രതിജ്ഞ ചൊല്ലേണ്ടതായിരുന്നു (കൈസരുടെ കല്പനകൾ). യേശുവിനെ കർത്താവായി വിശ്വസിച്ചവരാകയാൽ ക്രിസ്ത്യാനികൾക്ക് ഇതു സാദ്ധ്യമായിരുന്നില്ല. കൊല ചെയ്യുന്നതിനു പകരം നാടുകടത്തുവാനാണ് ഡൊമീഷ്യൻ താല്പര്യപ്പെട്ടത്. നാടുകടത്തിയവരെ ഒടുവിൽ തിരികെ വിളിക്കുകയും ചെയ്തു. യോഹന്നാൻ നീറോയുടെ കീഴിൽ റോമിൽ പീഡിപ്പിക്കപ്പെട്ടിരുന്നെങ്കിൽ പത്രോസിനേയും പൗലോസിനേയും പോലെ കൊല്ലപ്പെടുമായിരുന്നു, നാടുകടത്തപ്പെടുകയല്ല.

വെളിപ്പാടു പുസ്തകം താമസിച്ചാണ് എഴുതപ്പെട്ടത് എന്നതിലേക്ക് വിരൽ ചൂണ്ടുന്ന മറ്റൊരു വസ്തുത, ഏഴു സഭകളുടെ അന്നത്തെ അവസ്ഥയായിരുന്നു. വെളിപ്പാട് എ.ഡി. 70-നു മുമ്പ് എഴുതപ്പെട്ടിരുന്നുവെങ്കിൽ, അതിലെ എഫസോസിലെ സഭയ്ക്കുള്ള ദൂത്, പൗലോസിന്റെ എഫേസ്യർക്കുള്ള ദൂതിലേക്ക് കവിഞ്ഞു കടക്കുമായിരുന്നു, പ്രത്യേകിച്ചും താൻ എഫസോസിലെ സഭയുടെ ബിഷപ്പായി നിയമിച്ച തിമോഥയോസിനുള്ള ലേഖനം. ആട്ടിൻ കൂട്ടത്തെ വിഴുങ്ങുന്ന 'കൊടിയ ചെന്നായ്ക്കൾ' വരുവാൻ പോകുന്നുവെന്ന അപകടത്തേക്കുറിച്ച് പൗലോസ് എഫേസ്യരെ മുന്നറിയിക്കുകയും (അപ്പൊ 20:28-30) എഫസോസിലെ സഭയുടെ മേൽനോട്ടത്തിനായി തിമോഥയോസിനെ നിയമിക്കുകയും ചെയ്തു(1 തിമോഥയോസ് 1:3). അദ്ദേഹം ലേഖനങ്ങളിലൂടെ തിമോഥയോസിനും, എഫേസ്യർക്കും നൽകിയ ബുദ്ധിയുപദേശങ്ങളിൽ, വെളിപ്പാടു 2:1-7 വരെ എഫേസ്യ

രോടു കർത്താവു പറയുന്ന വാക്യങ്ങളിൽ എടുത്തു പറഞ്ഞിരിക്കുന്ന അതേ പ്രശ്നത്തിന്റെ യാതൊരു സൂചനയുമില്ല -- അവരുടെ ആദ്യ സ്നേഹം വിട്ടുകളഞ്ഞത്. വരുവാൻ പോകുന്ന വഞ്ചനയെ പൗലോസിന്റെ ദൂതുകൾ മുന്നറിയിക്കുകയും പിശാചിന്റെ തന്ത്രങ്ങളെ ചെറുത്ത് അപ്പൊസ്തോലൻ നൽകിയ ഉപദേശങ്ങളിൽ ഉറച്ചു നിൽക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുകയും ചെയ്തു. വെളിപ്പാട് 2:1-7 വരെയുള്ള വാക്യങ്ങളിൽ, സ്നേഹം കൂടാതെ ഉപദേശ യാഥാസ്ഥിതികത്വം കൈക്കൊണ്ടതിന്റെ ഫലമായി കർത്താവിനോടു തണുപ്പൻ മനോഭാവം സ്വീകരിച്ചതിന് എഫേസ്യരെ ശാസിച്ചിരിക്കുന്നതായി കാണാം. വെളിപ്പാടു പുസ്തകം എ.ഡി. 70-നു മുമ്പ് എഴുതിയിരുന്നുവെങ്കിൽ ഈ രണ്ടു സാഹചര്യങ്ങളും സമകാലികമായി വരുമായിരുന്നു. ഒരു തലമുറ കഴിഞ്ഞ് വെളിപ്പാട് എഴുതപ്പെട്ടിരുന്നുവെങ്കിൽ ഇതു വിശ്വസിക്കുവാൻ എളുപ്പമായിരുന്നു.

പോളികാർപ്പ് പറയുന്നതനുസരിച്ച് പൗലോസിന്റെ മരണത്തിനുശേഷമാണ് സ്മുർന്നയിലെ സഭ സ്ഥാപിക്കപ്പെട്ടത്. അതിനാൽ ഏതാണ്ട് എ.ഡി. 64-67 കാലത്തിനു മുമ്പ് ഈ സഭ ജനിച്ചിരിക്കുവാൻ ഇടയില്ല. വെളിപ്പാട് പുസ്തകം എ.ഡി. 70-നു മുമ്പ് എഴുതിയിരുന്നുവെങ്കിൽ, ഏഴു സഭകൾക്കുള്ള ദൂതുകളിൽ ഈ സഭ പ്രതിനിധീകരിക്കപ്പെടുവാൻ തീരെ സാദ്ധ്യതയില്ല.

എ.ഡി. 60-ൽ ഉണ്ടായ ഒരു ഭൂകമ്പത്തിന്റെ ഫലമായി ലവോദിക്യ സഭ തകർന്നടിഞ്ഞുപോയതായി ചരിത്രം രേഖപ്പെടുത്തുന്നു. അതു പുനർ നിർമ്മിക്കപ്പെടുന്നതിന് 25 വർഷങ്ങൾ എടുത്തു. എ.ഡി. 60 - 70 വരെയുള്ള കാലഘട്ടത്തിൽ ലവോദിക്യ സഭയെ സമ്പന്നരും ഒന്നിനും മുട്ടില്ലാത്തവരും എന്നു വിശദീകരിക്കുവാൻ (വെളിപ്പാട് 3:17) സാദ്ധ്യമല്ല. എന്നിരുന്നാലും എ.ഡി. 96 ആയപ്പോഴേക്കും അവരുടെ വ്യാപാരവും സമ്പത്തും വീണ്ടെടുക്കപ്പെടുകയും കർത്താവിന്റെ വചനങ്ങളുമായി ഒത്തുവരികയും ചെയ്തു.

ഈ കാര്യങ്ങളെല്ലാം വെളിപ്പാടു പുസ്തകം പിന്നീടാണ് എഴുതപ്പെട്ടതെന്നും അതിലെ പ്രവചനങ്ങൾ ഭാവിയിൽ പൂർത്തീകരിക്കപ്പെട്ടുവെന്നും ചൂണ്ടിക്കാണിക്കുന്നു. നമുക്ക് ആത്മീയ വർദ്ധനവ് വരുത്തുന്നതിന് ഈ മഹത്തായ വചനങ്ങൾ യോഹന്നാൻ എഴുതിയത് എ.ഡി. 70-ലെ സഭകളുണ്ടായി വളരെക്കഴിഞ്ഞാണ്. അതിനാൽ റോമാക്കാർ യരുശലേം ദൈവാലയം നശിപ്പിച്ചതുമായി ഇതിനു യാതൊരുവിധ ബന്ധവുമില്ല. രാഷ്ട്രങ്ങളുടെമേൽ ക്രിസ്തുമാർഗ്ഗം അടിച്ചേൽപ്പിച്ച് കൊണ്ട് സഭ ജയം നേടി ഈ യുഗം അവസാനിക്കുകയുമില്ല. വെളിപ്പാട് 6-19 വരെയുള്ള അദ്ധ്യായങ്ങളിൽ വായിക്കുന്നതുപോലെ ഒരു മഹാപീഡയുടെ കാലത്തോടുകൂടി അത് അവസാനിക്കും. ഈ പീഡയുടെ കാലഘട്ടത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ, രാജ്യങ്ങൾ അവസാനത്തെ ഹർമ്മഗെദ്ദോൻ യുദ്ധത്തിനായി ഒന്നിച്ചുകൂടുമ്പോൾ കർത്താവായ യേശുക്രിസ്തു ജയാളിയായി മടങ്ങി വരികയും ദുഷ്ടശക്തികളെ പരാജയപ്പെടുത്തി ലോകത്തെ നീതിയോടെ ന്യായം വിധിക്കുകയും ചെയ്യും. അപ്പോൾ ഈ ലോകരാജ്യങ്ങൾ ദൈവ രാജ്യമായിത്തീരുകയും കർത്താവായ ക്രിസ്തു എന്നെന്നേക്കുമായി വാഴുകയും ചെയ്യും (വെളിപ്പാട് 11:15). ഹാലേലൂയ്യാ! ★

# സാധനങ്ങൾ വാങ്ങുന്നതിന്റെ ഭാവിയും സ്വാതന്ത്ര്യത്തിന്റെ അന്ത്യവും

'പോകുന്നു, പോകുന്നു, പൊയ്ക്കഴിഞ്ഞു.' ലണ്ടനിലെ വാട്ടർലൂ സ്റ്റേഷനിൽ ചലിക്കുന്ന ചവിട്ടുപടികളിലൂടെ (escalator) മുകളിലേക്കു പോകുമ്പോൾ, രൊക്കം പണം കൊടുത്തു സാധനങ്ങൾ വാങ്ങുന്ന വ്യവസ്ഥയുടെ അന്ത്യം വിളിച്ചറിയിക്കുന്ന പരസ്യങ്ങളുടെ ഒരു പരമ്പര തന്നെ കാണുകയുണ്ടായി. ഒരു ഗ്ലാസ്സു ശീതളപാനീയം തുടങ്ങി വർത്തമാനപത്രം വരെ രൊക്കം കാശുകൊടുക്കാതെ കിട്ടുന്ന പുതിയ ഒരു കാർഡ് വാങ്ങാൻ പ്രോത്സാഹിപ്പിക്കുകയാണ്.

ഉപഭോക്താക്കൾക്ക് ഒരു യന്ത്രത്തിന്മേൽ ഉരസുകയോ വീശിക്കാണിക്കുകയോ ചെയ്താൽ പത്തു പൗണ്ടിൽ താഴെ വിലയുള്ള സാധനങ്ങൾ വാങ്ങാം. ഇതിന്റെ അർത്ഥം കടകളിലെ കാശു കൊടുത്തുള്ള കച്ചവടം ഇല്ലാതാകുന്നുവെന്നാണ്. ചില്ലറ വ്യാപാര വിശകലനക്കാരായ വിവര പരിശോധകർ (Datmonitor) മുന്നറിയിക്കുന്നത്, അഞ്ചോ പത്തോ വർഷങ്ങൾക്കുള്ളിൽ മുപ്പത്തിരണ്ടു ലക്ഷം കോടി പവന്റെ കച്ചവടം കാശുകൊടുക്കാതെ കാർഡ് ഉരസി, വർഷം തോറും നടക്കുമെന്നാണ്. ലണ്ടനിലെ ഗതാഗത വകുപ്പിന്റെ ഒയിസ്റ്റർ കാർഡുകൾ പോലെ ടിക്കറ്റെടുക്കാതെ പോകുവാൻ ഈ കാർഡുകൾ ഉപകരിക്കും. ദശലക്ഷക്കണക്കിനു യാത്രക്കാർ ഒയിസ്റ്റർ കാർഡുകൾ യന്ത്രത്തെ കാണിച്ചാണ് ടിക്കറ്റ് വേലി കടന്നുപോകുന്നത്.

ഇതിലെല്ലാം ഒരു കുടുക്കു കിടപ്പുണ്ട്. കാശുകൊടുത്തു നടത്തുന്ന ഇടപാടുകൾക്ക് രേഖയൊന്നുമില്ല. കാർഡ് ഉപയോഗിച്ചു നാം നടത്തുന്ന ഇടപാടുകളെല്ലാം രേഖപ്പെടുത്തും, പലർക്കും പരിശോധിക്കുകയും ചെയ്യാം. ഒയിസ്റ്റർ കാർഡു കമ്പനിയിലെ ഉദ്യോഗസ്ഥർക്ക് നിങ്ങൾ എന്തു വാങ്ങിയെന്നോ എവിടെപ്പോയെന്നോ അറിയാൻ താല്പര്യമില്ലെങ്കിലും, ഒരു അടിയന്തിര സാഹചര്യമുണ്ടായാൽ, അല്ലെങ്കിൽ ഒരു ഏകാധിപതി അധികാരത്തിൽ വന്നാൽ, നിങ്ങൾ എവിടൊക്കെപ്പോയെന്നും ഏതുതരം ജീവിത ശൈലിക്കാരാണെന്നും, രഹസ്യപ്പോലീസിന്റെ സഹായം കൂടാതെ തന്നെ കണ്ടെത്തുവാൻ കഴിയും. ഇങ്ങനെയൊന്ന് ഹിറ്റ്ലറും സ്റ്റാലിനും സ്വപ്നം കണ്ടിരിക്കാം!

മറ്റൊരു പ്രശ്നം, 'നിങ്ങളുടെ കാർഡു കളഞ്ഞു പോകുകയോ കളവുപോകുകയോ ചെയ്താൽ എന്താണു സംഭവിക്കുക? ഒരുനാൾ ശരീരത്തിൽ നിക്ഷേപിക്കുന്ന ഒരു സൂക്ഷ്മ ചീളുകൊണ്ട് പല ചരക്കു പീടികയിലെ പണം കൊടുക്കുവാൻ നിങ്ങൾക്കു കഴിയുമെന്ന് പത്രങ്ങളിൽ ലേഖനങ്ങൾ വരികയുണ്ടായി. ഈ ആശയം ഇന്നത്തെ ഐ-പോഡ് തലമുറയ്ക്ക് ഇഷ്ടപ്പെട്ടു കഴിഞ്ഞു. പലചരക്കു വിതരണ ഗവേഷണ സ്ഥാപനം നടത്തിയ അന്വേഷണപ്രകാരം കൗമാരപ്രായക്കാരിൽ ഏതാണ്ട് പത്തിൽ ഒരാളും, മുതിർന്നവരിൽ ഇരുപതിൽ ഒരാൾ വീതവും കടയിൽ സാധന

ങ്ങൾക്കു പണം കൊടുക്കുന്നതിന് ശരീരത്തിൽ സൂക്ഷ്മ ചീളുകൾ (micro chip) ഉൾക്കൊള്ളുവാൻ സന്നദ്ധരാണ്. കാർഡുകൾ മോഷണം പോകുന്നതും, വ്യാജമായി ഉപയോഗിക്കുന്നതും, ഭീഷണിപ്പെടുത്തി പണം പിടുങ്ങുന്നതും ഇങ്ങനെ തടയുവാൻ കഴിയുമെന്ന് അവർ പറയുന്നു. യന്ത്രത്തിൻമേൽ കൈ ഒന്നു കാണിച്ചാൽ, ശീഘ്രഗതിയിൽ ബാങ്കിലെ വിവരങ്ങളുമായി ബന്ധപ്പെട്ട് അതിവേഗം പണം ലഭ്യമാകുന്നു. ഇത്തരം സൂക്ഷ്മ ചീളുകൾ ഇപ്പോൾ തന്നെ പൂച്ചകളിലും, പട്ടികളിലും, കുതിരകളിലും ഉപയോഗിക്കുന്നുണ്ട്. കന്നുകാലികളിലും ആടുകളിലും അവ ഉപയോഗിച്ച് ഉപഭോക്താക്കൾക്ക് കൃഷിത്തോട്ടത്തിലെ തീറ്റത്തൊട്ടികളിൽ എന്തൊക്കെ ഇട്ടുകൊടുക്കണമെന്നു കണ്ടെത്തുവാനും, മരുന്നുകൾ കൃത്രിമമായി ഉണ്ടാക്കുന്നതു തടയുവാനും കഴിയുന്നു. രാജ്യത്തെ പോലീസ് ഭരണത്തിൻ കീഴിൽ കൊണ്ടുവരുവാനുള്ള ഗൂഢതന്ത്രം ഇതിന്റെയെല്ലാം പിന്നിൽ ഒളിഞ്ഞിരിക്കുന്നുവെന്ന പരമാർത്ഥം അപൂർവ്വം ആളുകൾക്കേ പിടികിട്ടിയിട്ടുള്ളു. ബ്രിട്ടൺ ലോകത്തിലേക്കും ഏറ്റവും കൂടുതൽ ചാരക്കണ്ണുകളുള്ള രാഷ്ട്രമായി മാറിക്കഴിഞ്ഞിരിക്കുന്നു. 'ദി ഇൻഡിപ്പെൻഡെന്റ്' പത്രത്തിൽ (26/11/06) വന്ന ഒരു ലേഖനത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു, "സ്വകാര്യ ജീവിതത്തിലേക്ക് അതിക്രമിച്ച് കടക്കുകയും അനുദിന ജീവിത പ്രവർത്തികളുമായി ഏറ്റുമുട്ടുകയും ചെയ്ത്, നിതാന്ത ജാഗ്രതയിൽ നമ്മുടെ മേൽ കണ്ണോടിച്ചുകൊണ്ടിരിക്കുന്ന ഒരു രാഷ്ട്രമായി ബ്രിട്ടൺ നിദ്രാടനം (sleep walk) നടത്തുകയാണ്, നവീന സാങ്കേതിക വിദ്യകളും 'അദൃശ' സമ്പ്രദായങ്ങളും ഉപയോഗിച്ച് ബ്രിട്ടീഷ് ജനതയുടെ വിവരങ്ങൾ ശേഖരിക്കുന്നത് വർദ്ധിച്ചുകൊണ്ടിരിക്കുന്നു. 'മേൽനോട്ട സമൂഹം' പഠനം നടത്തിയ വിലയിരുത്തലുകളിൽ, അടുത്ത പത്തു വർഷങ്ങളിൽ കാവൽ മേൽനോട്ടം വളരെയേറെ വളരുമെന്നു പ്രവചനം നടത്തിയിട്ടുണ്ട്. ആളുകളോടു കൂടുതൽ വിവേചനം കാണിക്കുവാനും സമൂഹത്തിൽ നിന്ന് ഒഴിവാക്കുവാനും ഇതു വഴിയൊരുക്കും. ഭാവിയിൽ വ്യക്തികളെ തിരിച്ചറിയുവാനും, അവരുടെ നീക്കങ്ങൾ ശ്രദ്ധിക്കുവാനും സൂക്ഷ്മചീൾ (micro chip) നിക്ഷേപം പ്രയോജനപ്പെടുത്തും. വിളക്കുമരങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മുഖച്ഛായ തിരിച്ചറിയുന്ന ക്യാമറാകളും, ആളില്ലാ നിരീക്ഷണ വിമാനങ്ങളും അതിൽ ഉൾപ്പെടും.

നമ്മുടെ ജീവിതത്തിന്റെ മിക്ക ഭാഗങ്ങളിലും ക്രമമായ മേൽനോട്ടമുണ്ടാകുവാൻ അധികമായി ഇടവരും എന്നാണ് ഈ പഠനത്തിലെ നിഗമനം. യാത്രാഗതികളെയും, പൊതുസേവന സംവിധാനങ്ങളെയും യാന്ത്രിക ക്യാമറാകൊണ്ട് രേഖപ്പെടുത്തി, തെരുവുകളിലെ ആളുകളുടെ സംഭാഷണങ്ങൾ വ്യവസ്ഥാപിതമായി പിടിച്ചെടുത്ത്, അവ ശ്രദ്ധിച്ചു രേഖപ്പെടുത്തിയും, സാധനങ്ങൾ വാങ്ങുന്നതും പണമിടപാടും ഫോൺ സംഭാഷണങ്ങളും ഇ-മെയിലും ജോലിസ്ഥലത്തെ ഇന്റർനെറ്റ് ഉപയോഗങ്ങളും ഈ രഹസ്യ നേത്രങ്ങൾ ജാഗ്രതയുള്ള മേൽനോട്ടത്താൽ കണ്ടെത്തുന്നതിൽ താഴെപ്പറയുന്ന സംഗതികൾ ഉൾപ്പെടുന്നു:

- വിഡിയോ ക്യാമറകൾ കെട്ടിടങ്ങളെയും വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന തെരുവുകളേയും, ജനവാസ കേന്ദ്രങ്ങളെയും നിരീക്ഷിക്കുന്നു. സ്വയം പ്രവർത്തിത സംവിധാനങ്ങൾ വാഹനങ്ങളുടെ നമ്പരുകളും ആളുകളുടെ മുഖങ്ങളും രേഖപ്പെടുത്തുന്നു.

- കമ്പ്യൂട്ടർ സംവിധാനം ഉപയോഗിച്ച് ആളുകൾ പണം ചെലവഴിക്കുന്ന രീതികൾ കണ്ടെത്തി വ്യാപാര സ്ഥാപനങ്ങൾക്കു കൈമാറുന്നു. സേവന കേന്ദ്രങ്ങളെ വിളിക്കുമ്പോൾ, വായ്പയ്ക്ക് അപേക്ഷ നൽകുമ്പോൾ ഇൻഷ്വറൻസ് എടുക്കുമ്പോൾ, വസ്തുവും വീടും പണയപ്പെടുത്തുമ്പോൾ, നാം മുൻപ് പണം ചെലവഴിച്ചിട്ടുള്ള രീതികളേയും, നാം എവിടെ താമസിക്കുന്നു, നാം ആരാണ്, ഇവയെയെല്ലാം ആശ്രയിച്ചായിരിക്കും നമുക്കു സേവനം ലഭിക്കുന്നതിന്റെ വേഗത.
- കുറ്റം ചെയ്ത് ജാമ്യത്തിലിറങ്ങിയിരിക്കുന്നവരെ നിരീക്ഷിക്കുന്ന ഇലക്ട്രോണിക് നാടകൾ.
- അറസ്റ്റു ചെയ്യപ്പെടുന്ന ആളുകളുടെ കോശപരിശോധനാഫലം (DNA Test) വിവര സംഭരണിയിലേക്കു മാറ്റുന്നു. എല്ലാ പൗരന്മാർക്കും ഇത്തരം കോശ പരിശോധന ബാധകമാക്കണമെന്ന് പ്രധാനമന്ത്രി ടോണി ബ്ലയർ പറഞ്ഞിട്ടുണ്ട്.
- വിദേശ യാത്രകൾ സംബന്ധിച്ച വിവരങ്ങൾ സംഭരിച്ചു വെയ്ക്കുന്നു.
- വിദ്യാലയങ്ങളിൽ ബുദ്ധിച്ചീട്ട് (smart card) ഉപയോഗിച്ച് കുട്ടികൾ എവിടെയാണെന്നും, അവർ എന്തു തിന്നുന്നുവെന്നും, ഏതു പുസ്തകം വായിക്കുവാൻ എടുക്കുന്നുവെന്നും കണ്ടെത്തുക.
- ഫോണും, ഇ-മെയിലും, ഇന്റർനെറ്റും, കാതലായ സംഭാഷണങ്ങളും, പ്രയോഗങ്ങളും ചോർത്തി ബ്രിട്ടണിലേയും അമേരിക്കയിലേയും അന്വേഷണ സംവിധാനത്തിലേക്കു കൈമാറ്റം ചെയ്യുവാൻ കഴിയും.

വ്യക്തിപരമായ വിവര സംഭരണിയുമായി ബന്ധിതമായ ഒരു പുതിയ ഇനം ജീവിത ദൈർഘ്യ ഗണനാശാസ്ത്ര തിരിച്ചറിയൽ ചീട്ട് (biometric ID) നടപ്പിൽ വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലിരിക്കുകയാണ്. ബ്ലാക്ക് പുളിൽ നടന്ന ലേബർ പാർട്ടിയുടെ വസന്ത സമ്മേളനത്തിൽ ടോണി ബ്ലയർ ഇങ്ങനെ പ്രസ്താവിച്ചു, "ആൾമാറാട്ടവും, നിയമവിരുദ്ധ കുടിയേറ്റവും, ആസൂത്രിതമായ കുറ്റകൃത്യങ്ങളും, ഭീകരപ്രവർത്തനങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാൽ തിരിച്ചറിയൽ കാർഡുകൾ ഉപയോഗിക്കുന്നത് പ്രധാനവും 21-ാം നൂറ്റാണ്ടിൽ ബ്രിട്ടന്റെ സുരക്ഷിതത്വത്തിന് അത്യാവശ്യവുമാണ്."

ആളുകളുടെ സ്വകാര്യതയിലേക്ക് സർക്കാരിന് പ്രവേശനം നൽകുന്ന പുതിയ നികുതി നിർദ്ദേശങ്ങളും ഒരുങ്ങി വരുന്നു. നഗരസഭയിലെ നികുതി പരിശോധകർക്ക് വീട്ടിലെ ഏതു മുറിയിലും കയറി ഫോട്ടോ എടുക്കുവാൻ അവകാശമുണ്ടായിരിക്കും. സർക്കാരിന്റെ പരിപാടിയനുസരിച്ച്, കാറുകൾ എവിടെയ്ക്കെല്ലാം ഓടുന്നുവെന്നു കണ്ടെത്തുവാൻ ഉപഗ്രഹ നിയന്ത്രിതമായ യന്ത്ര സംവിധാനം ചേർത്തുവെയ്ക്കും. എവിടേക്കു കാർ ഓടിക്കുന്നു എന്നതനുസരിച്ച് വാഹന ഉടമയ്ക്ക് കിലോമീറ്ററുകൾ പ്രകാരം നികുതി ചുമത്തും. ഭരണ കക്ഷിയോടു കൂറുപുലർത്തുന്നില്ലെന്നു സംശയിക്കുന്ന ഏതൊരുവന്റേയും കണക്കു തിട്ടപ്പെടുന്ന ഒരു ഏകാധിപത്യ സർക്കാരിലേക്കാണ് ഇവ രണ്ടും വിരൽ ചൂണ്ടുന്നത്. 'ചേട്ടൻ നിന്നെ നിരീക്ഷിക്കുന്ന' കാലം അകലെയല്ല.

ഇപ്പോൾ വന്നുചേർന്നിരിക്കുന്ന ഈ അവസ്ഥാവിശേഷങ്ങളെല്ലാം ബൈബിൾ പ്രവചനങ്ങളുമായി ഒത്തുവരുന്നു. വെളിപ്പാട് 13-ാം അദ്ധ്യായ

ത്തിൽ പറയുന്നതുപോലെ ഈ യുഗത്തിന്റെ അവസാനം മൃഗം അഥവാ എതിർക്രിസ്തു എന്ന പേരിൽ ഒരു ആഗോള സ്വേച്ഛാധിപതി ഉയർന്നുവരും. ലോകമാസകലം നിരീക്ഷണ സാങ്കേതിക സംവിധാനം വളർന്നുവരുമ്പോൾ ഏകാധിപതിയുടെ വരവിനുള്ള സാഹചര്യം ഒരുക്കപ്പെടുകയാണ്. സൂക്ഷ്മ ചീളിന്റെയും, തിരിച്ചറിയൽ ചീട്ടിന്റെയും, നിക്ഷേപ — കിഴിവ് ചീട്ടിന്റെയും (credit/debit card) ആവിർഭാവത്താൽ ഓരോരുത്തർക്കും വാങ്ങുന്നതിനും വില്ക്കുന്നതിനും ഒരു നമ്പർ കിട്ടും. കാർഡു മോഷ്ടിക്കപ്പെടുകയോ, നഷ്ടപ്പെടുകയോ, തകർന്നുപോകുകയോ ചെയ്താൽ എന്തു സംഭവിക്കും? അതൊരു പ്രശ്നമാണ്. അതിനു പരിഹാരം ശരീരത്തിൽ ഈ വിവരങ്ങളടങ്ങിയ ചെറിയൊരു ചീള് നിക്ഷേപിക്കുകയാണ്. യന്ത്രസംവിധാന പരിശോധനയിൽ (scanning) അതിലെ വിവരങ്ങൾ പുറത്തെടുക്കാം.

വെളിപ്പാട് പുസ്തകത്തിൽ വായിക്കുന്നതനുസരിച്ച്, മൃഗത്തെ ആരാധിക്കുവാനും കീഴടങ്ങുവാനും നിർബന്ധിതരാക്കുന്ന കള്ളപ്രവാചകൻ അത്തരം വ്യവസ്ഥിതി സംജാതമാക്കും:

*'മൃഗത്തിന്റെ പ്രതിമ സംസാരിക്കേണ്ടതിന്നും മൃഗത്തിന്റെ പ്രതിമയെ നമസ്ക്കരിക്കേണ്ടതിന്നും മൃഗത്തിന്റെ പ്രതിമയ്ക്ക് ആത്മാവിനെ കൊടുപ്പാൻ അതിനു ബലം ലഭിച്ചു. അതു ചെറിയവരും വലിയവരും സമ്പന്നന്മാരും ദരിദ്രരും സ്വതന്ത്രരും ദാസന്മാരുമായ എല്ലാവർക്കും വലങ്കൈമേലോ നെറ്റിയിലോ മുദ്ര കിട്ടുമാറു മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയോ ആയ മുദ്രയുള്ളവനല്ലാതെ വാങ്ങുകയോ വിൽക്കുകയോ ചെയ്‌വാൻ വഹിയാതെയും ആക്കുന്നു. ഇവിടെ ജ്ഞാനം കൊണ്ടു ആവശ്യം ബുദ്ധിയുള്ളവൻ മൃഗത്തിന്റെ സംഖ്യ ഗണിക്കട്ടെ. അതു ഒരു മനുഷ്യന്റെ സംഖ്യയത്രേ. അതിന്റെ സംഖ്യ അറുനൂറ്റിഅറുപത്തിയാറ്.'*

വെളിപ്പാട് 13:15–18

സാമ്പത്തിക വ്യവസ്ഥയുമായി ബന്ധിതമായ സാങ്കേതിക വിദ്യയും, വ്യവസ്ഥാപിതമായ ഭീകര പ്രവർത്തനങ്ങളേയും ആസൂത്രിതമായ കുറ്റകൃത്യങ്ങളേയും കുറിച്ചുള്ള ഭീതിയും ഇതിനു രംഗം ഒരുക്കുകയാണ്. കഴിഞ്ഞ തലമുറകളിൽ ഇതെല്ലാം വിചിത്ര സങ്കല്പങ്ങളായിരുന്നെങ്കിലും, ഈ കാലത്തെ മനുഷ്യർക്ക് അനുഭവമായിരിക്കുന്ന അരക്ഷിത ബോധത്തിനു പരിഹാരമായി ഇതു വന്നിരിക്കുന്നു. എന്നിരുന്നാലും വരുവാൻ പോകുന്ന ലോകസർക്കാർ കൈവരിക്കുമെന്നു പറയുന്ന 'സമാധാനവും സുരക്ഷിതത്വവും' ഒരുതരം വഞ്ചനയായി പരിണമിച്ച് മൃഗത്തിന്റെ (എതിർക്രിസ്തു) നിഷ്ഠൂര ഭരണത്തിനു അന്ത്യം കുറിക്കുന്ന ഹർമ്മഗെദ്ദോൻ യുദ്ധത്തിനു വഴിതെളിക്കുകയാണ്. ഇത് മശിഹായുടെ രണ്ടാമത്തെ വരവിന് മുന്നോടിയായി 'ഈ ലോകരാജ്യം' 'ദൈവത്തിന്റെ, അവിടുത്തെ മശിഹായുടെ രാജ്യമായി മാറുകയും, അവിടുന്ന് എന്നെന്നേക്കുമായി വാഴുകയും ചെയ്യും. നാം ചെയ്യേണ്ട തീരുമാനം, ഇന്നത്തെ ലോക വ്യവസ്ഥിതിയിലെ നേതാക്കളുടെ പൊള്ളവാക്കുകൾ വിശ്വസിച്ച് എതിർക്രിസ്തുവിന്റെ ($3^1/2$ വർഷങ്ങൾ കൊണ്ട് അധികാരത്തിലേക്ക് ഉയർന്ന് മറ്റൊരു $3^1/_2$ വർഷങ്ങൾകൊണ്ട് പരിപൂർണ്ണ ആധിപത്യം) പൊള്ളവാക്കുകൾ വിശ്വസിച്ച് നശിക്കുകയോ, നമുക്കു ജീവൻ ലഭിച്ച് അവസാനമില്ലാത്ത രാജ്യത്തിൽ കർത്താവിനോടു കൂടെ വാഴുവാൻ അവിടുത്തെ വചനങ്ങളിൽ ആശ്രയിക്കുകയോ ചെയ്യാം.★

# കാലത്തിന്റെ അടയാളങ്ങൾ

## ബഹിരാകാശയുഗ ആയുധങ്ങൾ – അടുത്ത യുദ്ധതന്ത്രം

കെട്ടിടങ്ങളുടെ ഭിത്തികളിൽ കൂടി അകത്തെ സംവിധാനങ്ങളും, നിവാസികളുടെ താമസസ്ഥാനങ്ങളും, ഉപകരണങ്ങളും, ആയുധ ശേഖരങ്ങൾ വെച്ചിരിക്കുന്ന ഇടവും കണ്ടെത്തുവാൻ കഴിയുന്ന എക്സറേ സമാനമായ 'സൗധ ദൃശ്യം' (Visi Building) എന്നൊരു സാങ്കേതിക വിദ്യ അമേരിക്ക വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

അതിന്റെ നിർമ്മാതാവായ ശ്രീമാൻ ബാരനോസ്കി പറഞ്ഞു: 'സൈന്യം നേരിടുന്ന ശത്രുവിന്റെ അക സംവിധാനങ്ങൾ കണ്ടുപിടിച്ച് ആവശ്യമെങ്കിൽ കരിച്ചു ചാമ്പലാക്കുവാൻ ഇത് അവസരം ഉണ്ടാക്കും. അകലെ നിന്നും നിതാന്തശത്രുവിനെ നിരീക്ഷണം നടത്തുന്നതിന് ഈ ഉപകരണം സഹായിക്കും. കെട്ടിട സമുച്ചയങ്ങളുടെ സമീപത്തു കൂടി വണ്ടി ഓടിച്ചുപോകുമ്പോഴും, മീതേ പറക്കുന്ന സന്ദർഭങ്ങളിലും, സൂക്ഷ്മ നിരീക്ഷണം നടത്തുവാൻ ഇത് ഏറ്റവും പ്രയോജനകരമായി ഭവിക്കും.'

ആയുധശേഖരത്തിൽ പുതിയൊരു സന്തതി കൂടെ ജനിക്കുവാൻ വികസിപ്പിച്ചുകൊണ്ടിരിക്കുന്ന ഈ ഉപകരണത്തിന്റെ പേര് 'നിർദ്ദേശിത ഊർജ്ജായുധങ്ങൾ'(directed--energy weapons) എന്നത്രേ. ജെ. ഡഗ്ലസ് ബീസൺ എഴുതിയ 'ഇ-ബോംബ്: '*അമേരിക്കയുടെ നവീന നിർദ്ദേശിത ഊർജ്ജായുധങ്ങൾ ഭാവി യുദ്ധങ്ങൾക്ക് വഴിത്തിരിവ് ഉണ്ടാക്കുവാൻ പോകുന്നവിധം*' എന്ന പുസ്തകത്തിൽ ഇതിന്റെ വിശദാംശങ്ങൾ അടങ്ങിയിട്ടുണ്ട്.

പുറത്തേക്കു പായിക്കുന്ന വായുവാഹക പ്രകാശകിരണങ്ങൾ (Airborne Laser), സജീവ നിഷേധവ്യവസ്ഥ(Active Denial System), തന്ത്ര പ്രധാന ഉത്തുംഗ ഊർജ്ജ രശ്മി (Tactical High Energy Laser - THEL) തുടങ്ങി പുത്തൻ തലമുറയിലെ ആയുധങ്ങൾ അമേരിക്ക അടുത്തു തന്നെ വിന്യസിപ്പിക്കുമെന്ന് അദ്ദേഹം വിശദീകരിച്ചിരിക്കുന്നു. യഥാർത്ഥത്തിൽ സംഹരിക്കാതെ തന്നെ, ഈ ആയുധങ്ങൾ മുന്നേറി വരുന്ന ശത്രുവിനെ തടഞ്ഞു നിറുത്തുകയും തടസ്സപ്പെടുത്തുകയും പിന്നോട്ടു തള്ളുകയും ചെയ്യും. ഈ സാങ്കേതികവിദ്യ, സഹസ്രാംശം പ്രകാശകിരണം കൊണ്ട് ശത്രുവിന്റെ ശരീരത്തിലെ ത്വക്കിൽ നാശമുണ്ടാക്കാതെ തന്നെ അസഹ്യമായ വേദനയുളവാക്കി, ശത്രു രംഗത്തു നിന്നും പാലായനം ചെയ്യുവാൻ സംഗതിയാക്കും. ശത്രുവിന്റെ വൈദ്യുത ഉപകരണങ്ങൾ നശിപ്പിക്കുന്നതു മുതൽ ബട്ടൺ അമർത്തിയാൽ പ്രകാശ വേഗതയിൽ ചെന്ന് ആഞ്ഞടിക്കുന്ന സംവിധാനങ്ങൾ വരെ ഇതിൽ ഉൾപ്പെട്ടിരിക്കും. അതേ സമയം പാർശ്വഫലങ്ങൾ ഒന്നും ഉണ്ടാക്കുകയുമില്ലതാനും.

'സ്വർഗ്ഗീയ ശബ്ദം' എന്നു നാമകരണം ചെയ്തിരിക്കുന്ന ഈ ഉജ്ജ്വല ആശയം തന്റെ സ്വന്തമാണെന്ന് ബീസൺ അവകാശപ്പെട്ടു. ഭൂമിയുടെ അയണ മണ്ഡ

ലത്തിലേക്ക് (ionosphere) അനുസ്വനം (resonance) പ്രവർത്തന ക്ഷമമാക്കുമ്പോൾ, നിങ്ങൾക്ക് കൂടെ ക്കൂടെ ശബ്ദതരംഗങ്ങൾ സൃഷ്ടിക്കാവു ന്നതാണ്. ആകാശത്തിലെ ചില മുഴ ങ്ങുന്ന ശബ്ദപേടകങ്ങൾ പോലെ, ഉയ രത്തിൽ നിന്നും കിരണോല്പാദിതമായ ശബ്ദങ്ങൾ ഗർജ്ജിക്കും: 'നിങ്ങളുടെ ആയുധങ്ങൾ താഴെ വെയ്ക്കുക.'

ഈ സാങ്കേതികവിദ്യ വരുവാൻ പോകുന്ന എതിർ ക്രിസ്തുവിന് പ്രയോ ജനപ്പെടുകയും, കള്ളപ്രവാചകൻ പകി ട്ടുള്ള പ്രകടനങ്ങളും അടയാളങ്ങളും കാഴ്ച വെയ്ക്കുമ്പോൾ ജനങ്ങൾ ഭയഭക്തിയിൽ കീഴടങ്ങുകയും മൃഗമുദ്ര വ്യവസ്ഥിതിക്ക് വഴി തുറക്കുകയും ചെയ്യും.

*'അതു മനുഷ്യർ കാൺകെ ആകാ ശത്തു നിന്ന് ഭൂമിയിലേക്ക് തീ ഇറ ങ്ങുമാറ് വലിയ അടയാളങ്ങൾ പ്രവൃ ത്തിക്കുകയും മൃഗത്തിന്റെ മുമ്പിൽ പ്രവൃത്തിപ്പാൻ തനിക്ക് ബലം കിട്ടിയ അടയാളങ്ങളെക്കൊണ്ടു ഭൂവാസികളെ തെറ്റിക്കുകയും വാളാൽ മുറിവേറ്റിട്ടും ജീവിച്ച മൃഗ ത്തിന്റെ പ്രതിമ ഉണ്ടാക്കുവാൻ ഭൂവാ സികളോട് പറയുകയും ചെയ്യുന്നു. മൃഗത്തിന്റെ പ്രതിമ സംസാരിക്കേണ്ട തിനും മൃഗത്തിന്റെ പ്രതിമയെ നമ സ്ക്കരിക്കാത്തവരെ ഒക്കെയും കൊല്ലിക്കേണ്ടതിനും മൃഗത്തിന്റെ പ്രതിമയ്ക്കു ആത്മാവിനെ കൊടു പ്പാൻ അതിന്നു ബലം ലഭിച്ചു' (വെളി പ്പാട് 13:13-15).* ★

## ***ശരിയും തെറ്റും പഠിപ്പി ക്കുന്നതു തൂത്തു കള യുന്നു.***

ബ്രിട്ടീഷ് ദേശീയ പാഠ്യപദ്ധതിയിൽ വരുത്തിയിരിക്കുന്ന മാറ്റങ്ങളനുസരിച്ച് പള്ളിക്കൂടങ്ങളിൽ കുട്ടികളെ ശരിയും തെറ്റും തമ്മിലുള്ള വ്യത്യാസം ഇനിയും പഠിപ്പിക്കേണ്ടതില്ല. ഇപ്പോൾ നിലവി ലുള്ള ലക്ഷ്യങ്ങളിൽ നിന്നും മായിച്ചു കളയുന്നതിൽ, 'നിലനിൽക്കുന്ന മൂല്ല്യ ങ്ങൾ' പകർന്നുകൊടുക്കുന്നതും, 'തെറ്റും ശരിയും തിരിച്ചറിയുന്നതിനു നൽകേണ്ടതായ തത്വങ്ങളും' ഉൾപ്പെടു ന്നു. പുതിയ നിർദ്ദേശങ്ങളനുസരിച്ച് കുട്ടികൾക്ക് തൽസ്ഥാനത്ത് 'ഭൗതിക മൂല്യങ്ങളും വിശ്വാസങ്ങളും' ഉണ്ടായിരി ക്കണമെന്നതാണു ലക്ഷ്യം.

അറിവിലൂടെയും, ആത്മീക, സാൻമാർഗ്ഗിക, സാമൂഹ്യ പരിജ്ഞാന ത്തിലൂടെയും, ബ്രിട്ടണിലെ നാനാവിധ സമൂഹത്തിന്റെ സാംസ്ക്കാരിക പൈതൃ കങ്ങളേക്കുറിച്ചുള്ള ബോധവൽക്കരണ ത്തിലൂടെയും വിദ്യാർത്ഥികൾക്ക് തങ്ങളുടെ വ്യക്തിത്വം കണ്ടെത്തുവാൻ സഹായകമായ മാനദണ്ഡങ്ങളും മായി ച്ചുകളയുകയാണ്. വ്യക്തികൾക്ക് വ്യത്യസ്ത സംസ്ക്കാരങ്ങളും പാരമ്പ ര്യങ്ങളും മനസ്സിലാക്കി, ലോകത്തിൽ തങ്ങളുടെ സ്വന്തം സ്ഥാനത്തേക്കുറിച്ച് ശക്തമായ ഒരു അവബോധം ഉളവാ ക്കുവാൻ ഉദ്ദേശിച്ച് ബ്രിട്ടൺ എന്നുള്ള എല്ലാ പരാമർശങ്ങളും വിട്ടുകളയുകയാ ണ്.

കുട്ടികളെ ഒരു നവീന ആഗോള ക്രമീ കരണ വ്യവസ്ഥയുമായി താദാത്മ്യപ്പെ ടുത്തുവാൻ ലോകമാസകലമുള്ള ഒരു പരിപാടിയുമായി ഇതെല്ലാം ബന്ധപ്പെ ട്ടിരിക്കുന്നു. ദേശീയ താദാത്മ്യബോധം ഒരു ആഗോള ചിന്താഗതിയായി മാറണം (ലോകത്തിൽ തങ്ങളുടെ സ്വന്തം സ്ഥാനങ്ങളേക്കുറിച്ചുള്ള അവബോധം). ദൈവീക കല്പനകളെ അടിസ്ഥാന മാക്കി ശരിയേയും തെറ്റിനേയും കുറി ച്ചുള്ള പരമ്പരാഗത ആശയങ്ങളുടെ സ്ഥാനത്ത്, 'മൂല്യ വിശദീകരണ' പ്രക്രി യ എന്നു വിളിക്കുന്ന പങ്കാളിത്തപര

മായ അന്തഃസത്തയെ പൊരുത്തപ്പെടുത്തി മാറ്റി പ്രതിഷ്ഠിക്കുകയാണ്.

ബെറിറ്റ് ക്ജോസ് അവരുടെ www.crossroad.to എന്ന വെബ്സൈറ്റിൽ ഈ വിഷയം വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പഴയ വിശ്വാസങ്ങളും ആദിമ മൂല്യങ്ങളും സാൻമാർഗ്ഗിക ആപേക്ഷികത്വവും സ്വയം നിർമ്മിത തീരുമാനങ്ങളും ഉൾപ്പെടുത്തി ഒരുതരം ദ്വിതീയ ആഗോള വിശ്വാസങ്ങളും മൂല്യങ്ങളും രൂപപ്പെടുത്തുന്ന പ്രക്രിയയാണ് 'മൂല്യ വിശദീകരണം' എന്ന് അവർ നിർവചിച്ചിരിക്കുന്നു. അത് വിശ്വാസത്തെ തച്ചുടയ്ക്കുകയും, മാന്യത നശിപ്പിക്കുകയും, തിൻമയേക്കുറിച്ചുള്ള ബോധം നഷ്ടപ്പെടുത്തുകയും, തങ്ങളുടെ തോന്നലുകൾക്ക് അനുസൃതമായ ജീവിതം നയിക്കുവാൻ കുട്ടികളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

വേദപുസ്തക മൂല്യങ്ങൾക്കെതിരെ മത്സരിക്കുവാനുള്ള ഈ ആസൂത്രിത പരിപാടി മനസ്സിലാകണമെങ്കിൽ 1970-ലേക്ക് തിരിഞ്ഞു നോക്കണം. വിദ്യാഭ്യാസ മനഃശാസ്ത്രജ്ഞൻ ഡോ. വില്ല്യം ഗ്ലാസ്സർ, മനോഭാവങ്ങൾ വ്യത്യാസപ്പെടുത്തുന്നതിനുതകുന്ന ഒരു നവീന പരിപാടി സധൈര്യം ആവിഷ്ക്കരിച്ചിരിക്കുന്നു. 'പരാജയമില്ലാത്ത വിദ്യാലയങ്ങൾ' എന്ന തന്റെ പുസ്തകത്തിൽ ക്ലാസ്സ് മുറിയെ ഏറ്റുമുട്ടലിന്റേയും ആലോചനാസംഘത്തിന്റേയും ഇടമാക്കി ഉയർത്തിക്കാട്ടുന്ന ഒരുതരം തന്ത്രമായി അവതരിപ്പിക്കുന്നു: കുട്ടികൾ തങ്ങളുടെ തോന്നലുകളും പരാതികളും, രാഷ്ട്രീയമായി ശരിയുത്തരം നൽകുവാൻ പരിശീലനം ലഭിച്ച ഒരു സഹായിയുടെ മാർഗ്ഗനിർദ്ദേശങ്ങളുടെ ഒത്താശയിൽ പങ്കുവെയ്ക്കുന്നു. അവർ മറ്റൊരുവന്റെ കാമാസക്തിയെ അനുഭാവപൂർവ്വം വീക്ഷിക്കുകയും മറ്റുള്ളവരുടെ വികാരങ്ങളെ മാനിക്കുവാൻ പഠിക്കുകയും ചെയ്തു. താമസംവിനാ ദൈവത്തിന്റെ സാന്മാർഗ്ഗിക നിലവാരത്തെ അവർ സ്വയം നിർമ്മിത തെരഞ്ഞെടുപ്പുകൾക്കു വഴി മാറ്റിക്കൊടുത്തു. ഇനിയൊരിക്കലും അധികാരികളായ മാതാപിതാക്കൾ തങ്ങളുടെ സ്വന്തം മൂല്യങ്ങൾ അനുസരണമുള്ള കുട്ടികളുടെമേൽ അടിച്ചേൽപ്പിക്കുകയില്ല. അവർ തങ്ങളുടെ സ്വന്തം നിയമ സംഹിത എഴുതിയുണ്ടാക്കും! (ബി. ക്ജോസ്, 'ലൈംഗിക വിദ്യാഭ്യാസവും ആഗോളഗ്രാമവും').

ഈ പ്രക്രിയയിലൂടെ വിദ്യാഭ്യാസം തെറ്റിനേയും ശരിയേയും കുറിച്ചുള്ള ആശയങ്ങൾ യഥാർത്ഥത്തിൽ മായിച്ചുകളയുന്നവിധത്തിൽ കല്പനകളെയും പ്രമാണങ്ങളെയും നിർമ്മാർജ്ജനം ചെയ്യുകയല്ല, പ്രത്യുത ക്രിസ്തീയ മൂല്യങ്ങളെ മനുഷ്യന്റെ ആശയങ്ങൾക്കനുസൃതമായി മാറ്റിമറിക്കുകയാണ്, 'ദൈവം കൽപിച്ചിട്ടുണ്ടോ?' (ഉല്പത്തി 3:1) എന്ന ബൈബിളിലെ ആദ്യത്തെ ചോദ്യത്തിന്റെ ആവർത്തനമത്രേ ഇത്. ശരിയും തെറ്റും എന്താണ് എന്നതിനേക്കുറിച്ചു വിദ്യാഭ്യാസ വ്യവസ്ഥ അടിച്ചേൽപ്പിക്കുന്ന ചിന്താഗതിയിലെ ആശയങ്ങൾ താഴെപ്പറയുന്നവയാണ്:

- ശരിയായ ചിന്താഗതി =

  ശരിയും തെറ്റും എന്നൊന്നില്ല. എല്ലാം പരസ്പരബന്ധിതമാണ്. എന്റെ സത്യമല്ല നിങ്ങളുടെ സത്യം, എനിക്കു ശരിയാണെന്നു തോന്നുന്നവ നിങ്ങൾക്കു ശരിയായിരിക്കണമെന്നില്ല.

- തെറ്റായ ചിന്താഗതി =

  മാറ്റമില്ലാത്ത ദൈവവചനത്തെ അടിസ്ഥാനമാക്കിയ ശരിയും തെറ്റും ഉണ്ട്.

- ശരിയായ ചിന്താഗതി =

  മാനുഷിക ലൈംഗികതയുടെ എല്ലാവിധമായ ബാഹ്യപ്രകടനങ്ങളും

അംഗീകരിക്കാവുന്നതാണ്. കുട്ടികളെ വളർത്തുവാൻ അഭികാമ്യമായ മാർഗ്ഗം എന്നൊന്നില്ല.

- തെറ്റായ ചിന്താഗതി =

  ലൈംഗിക ബന്ധം സ്ത്രീയും പുരുഷനും തമ്മിലുള്ള വിവാഹശേഷമായിരിക്കണം. കുട്ടികളെ വളർത്തിയെടുക്കുവാൻ അച്ഛനും അമ്മയും എന്ന ഇരു മാതാപിതാക്കളുള്ള കുടുംബം സമൂഹത്തിന്റെ അടിസ്ഥാന നിർമ്മാണ ഇഷ്ടികകൾ ആയിരിക്കണം.

- ശരിയായ ചിന്താഗതി =

  എല്ലാ മതങ്ങളും ഒരുപോലെ സത്യമോ അസത്യമോ ആകുന്നു. ദൈവത്തേക്കുറിച്ചുള്ള സത്യം യാതൊരുത്തരുടേയും കുത്തകയല്ല.

- തെറ്റായ ചിന്താഗതി =

  ദൈവീക സ്വഭാവത്തിന്റെ യഥാർത്ഥ വെളിപ്പാട് *'ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു; എന്നെക്കൂടാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല'* (യോഹന്നാൻ 14:6) എന്ന് യേശുവിനെ മശിഹായായി ബൈബിളിൽ സൂചിപ്പിച്ചിരിക്കുന്നതാണ്.

ഇതനുസരിച്ച് ബൈബിൾ വിശ്വാസികളായ ക്രിസ്ത്യാനികൾ പറയുന്നതെല്ലാം തെറ്റ്, എന്നാൽ ഈ വൃക്ഷത്തിലെ ചീഞ്ഞ പഴങ്ങൾ വിവേചനാ ശക്തിയുള്ള ഏതൊരാൾക്കും വെളിവാകുന്നതാണ്. പരിതാപകരമെന്നു പറയട്ടെ, ദൈവം വെളിപ്പെടുത്തിയിരിക്കുന്ന സത്യങ്ങളെ പുച്ഛിച്ചു തള്ളുവാൻ പഠിപ്പിച്ചിരിക്കുന്ന യുവ തലമുറയുടെ ജീവിതത്തിന്റെ തകർച്ചയിൽ ഈ ഫലം തെളിഞ്ഞു കാണുന്നു.

ബെറിറ്റ് ക്ജോസ് അവരുടെ ലേഖനം ഇപ്രകാരം ഉപസംഹരിച്ചിരിക്കുന്നു: 'ലോകത്തിന്റെ വശീകരണ സന്ദേശങ്ങൾ നമ്മുടെ കുട്ടികളെ ബാധിക്കാതിരിക്കുകയില്ല. അനേകർ പരീക്ഷിക്കപ്പെടാവുന്ന വാഗ്ദാനങ്ങളെയും, മറ്റുള്ളവർ പറഞ്ഞു കേൾക്കുന്ന വശീകരണ ശബ്ദങ്ങളെയും പിൻപറ്റുവാൻ ഇടയുണ്ട്. അവർക്കും സ്നേഹിതരും വിനോദവും ആവശ്യമാണ്. ദിവസം തോറും, വാരാവാരം ആകർഷകമായ വാഗ്ദാനങ്ങൾ ചെവിയിൽ വന്നു മുഴങ്ങുമ്പോൾ അവയെല്ലാം അവർക്കു യാഥാർത്ഥ്യമെന്നും സ്വാഭാവികമെന്നും തോന്നും. അവരുടെ ആത്മീയ സുരക്ഷിതത്വത്തേക്കുറിച്ച് ആകുലപ്പെടുമ്പോൾ, നമ്മുടെ ഇടയൻ നമ്മെ ഓർമ്മിപ്പിക്കുന്നു:

> *"ഈ ലോകത്തിന് അനുരൂപമാകാതെ, നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ" (റോമർ 12:3).'*

ബൈബിൾ സത്യങ്ങളിൽ അധിഷ്ഠിതമായ ഒരു മാനസ്സിക ഘടന കെട്ടിപ്പടുത്ത്, അരിച്ചു പരിശോധിച്ചില്ലെങ്കിൽ, നമ്മുടെ കുട്ടികൾ ലോകത്തിന്റെ തത്വശാസ്ത്രങ്ങളിൽ ആകൃഷ്ടരായി, അതിനനുസൃതമായി അവർ വാർത്തെടുക്കപ്പെടും. സ്നേഹിതർ തങ്ങളുടെ വികാരങ്ങൾക്കനുസൃതമായി മുന്നോട്ടു ഗമിക്കുമ്പോൾ, വിവേചനവും ജാഗ്രതയും ദൈവത്തിലുള്ള സന്തോഷവും ഉണ്ടെങ്കിൽ മാത്രമേ സത്യത്തിൽ ഉറച്ചു നിൽക്കുവാൻ അവർക്കു കഴിയുകയുള്ളു. അപ്രകാരം ധൈര്യമായി നിലകൊള്ളുവാൻ തീരുമാനിക്കുന്നവർ ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ച്, അവിടുത്തെ വാഗ്ദത്തങ്ങളിൽ ആശ്രയം വെച്ച്, എന്തെല്ലാം വന്നാലും, ലോകത്തിനു ഗ്രഹിക്കുവാനാകാത്ത സമാധാനത്തിലും ജയത്തിലും ഇടയന്റെ ശബ്ദം കേട്ടു മുന്നോട്ടു നീങ്ങും. ★

## *ക്രിസ്ത്യാനികൾക്കു പീഡനം*

ഈജിപ്തിൽ 15 - വയസ്സുകാരി പെൺകുട്ടിയെ മുസ്ലീങ്ങൾ തട്ടിക്കൊണ്ടു പോയി ഇസ്ലാംമതം സ്വീകരിച്ചില്ലെങ്കിൽ മാനഭംഗം ചെയ്യുമെന്ന് ഭീഷണിപ്പെടുത്തിയതായി 'രക്തസാക്ഷി ശബ്ദം' എന്ന മാസികയിൽ വാർത്ത വന്നിരിക്കുന്നു. കെയ്റോയ്ക്ക് 60 മൈൽ വടക്ക് എൽ മഹാല എൽ കാബ്രായിൽ താമസ്സിക്കുന്ന ഈ കൗമാരക്കാരിയെ ഒക്ടോബർ 2-ാം തീയതി ഒരു സർക്കാർ ബസ്സിൽ നിന്നും ഒരുകൂട്ടം മുസ്ലീങ്ങൾ മാനഭംഗഭീഷണിയോടെ വലിച്ചിഴച്ചുകൊണ്ടുപോയി അപ്രത്യക്ഷയാകുകയായിരുന്നു. അവളുടെ മാതാപിതാക്കളെ എസ്.എം.എസ്. വഴി അറിയിച്ച സന്ദേശത്തിൽ, 'പെൺകുട്ടി പെട്ടെന്ന് വഴങ്ങുന്നില്ലെന്നും എന്നാൽ, അവൾ ഇസ്ലാംമതം സ്വീകരിക്കുമെന്നുള്ളത് ഉറപ്പാണ്' എന്നും പറഞ്ഞു. മറ്റൊരു സന്ദേശത്തിൽ നിങ്ങളുടെ മറ്റുള്ള പെൺമക്കളെ പട്ടണത്തിൽ നിന്നും മാറ്റിക്കൊണ്ടുപോയില്ലെങ്കിൽ അവർ ഓരോരുത്തരായി നഷ്ടപ്പെടുമെന്നും മുന്നറിയിച്ചു. റംസാൻ വ്രതം മുറിക്കുന്ന ഘട്ടത്തിൽ, പിടിച്ചുകൊണ്ടുപോയവരുടെ തടവിൽ നിന്നും അവൾ രക്ഷപ്പെട്ടു. അവൾക്കു സംഭവിച്ച കാര്യങ്ങൾ അധികാരികളെ അറിയിക്കുവാൻ ചെന്നപ്പോൾ, തട്ടിക്കൊണ്ടുപോയ വിവരം നിഷേധിക്കാത്ത പക്ഷം 'ഇനി ഒരിക്കലും അവളുടെ മാതാപിതാക്കളെ കാണുകയില്ല' എന്ന ഭീഷണിയാണുണ്ടായത്. തട്ടിക്കൊണ്ടുപോകലിന്റെ വാർത്ത വന്നത് പശ്ചിമേഷ്യയിലെ ഏക അറബി ക്രിസ്ത്യൻ ദിനപ്പത്രമായ എൽ തരീക്കിൽ മാത്രമാണ്.

മുസ്ലീം രാഷ്ട്രങ്ങളിൽ കൗമാരക്കാരായ ക്രിസ്ത്യൻ പെൺകുട്ടികളെ തട്ടിക്കൊണ്ടു പോകുന്നത് പകർച്ച വ്യാധി പോലെ പടരുന്നു എന്നാണ് രക്തസാക്ഷി ശബ്ദത്തിൽ വായിച്ചത്. ഭൗതിക സമ്പത്ത് വാഗ്ദാനം ചെയ്ത് പെൺകുട്ടികളെ വശീകരിച്ചുകൊണ്ടുപോകുന്ന സംഭവങ്ങളും ഉണ്ട്. ഈ സാഹചര്യത്തിൽ ക്രിസ്തീയ പെൺകുട്ടികളെ സംരക്ഷിക്കുവാൻ വിവിധ ഇസ്ലാമിക രാഷ്ട്രങ്ങളിൽ ആ സംഘടന സുരക്ഷിത ഭവനങ്ങൾ തുറന്നിട്ടുണ്ട്. ഭീഷണി നേരിടുന്നവർക്കും അന്യായ തടങ്കലിൽ നിന്നും രക്ഷപ്പെട്ടവർക്കും വേണ്ടിയുള്ള സംവിധാനമാണിത്. ഇത്തരം അഭയ ഭവനങ്ങളിൽ പെൺകുട്ടികൾക്ക് തൊഴിൽ പരിശീലനത്തോടൊപ്പം ആത്മീയ പരിശീലനവും ലഭിക്കുന്നു.

പശ്ചിമേഷ്യയിൽ നിന്നുള്ള മറ്റൊരു വാർത്തയിൽ, ക്രിസ്ത്യാനികൾക്കെതിരെ ഇറാഖിൽ ഭീകരാക്രമണങ്ങൾ ഉണ്ടായി, അവിടുത്തെ ക്രിസ്ത്യാനികൾ മറ്റു രാജ്യങ്ങളിലേക്കു പാലായനം ചെയ്യുന്നതായി പറയുന്നു. ഭീകരപ്രവർത്തകർ ക്രിസ്ത്യാനികളെ ആക്രമിക്കുവാൻ ആഹ്വാനം ചെയ്തതിന്റെ ഫലമായി ക്രിസ്തീയ സമൂഹത്തിൽ അനവധിയാളുകൾ ആക്രമിക്കപ്പെട്ടിട്ടുണ്ട്. ക്രിസ്ത്യാനികൾ കൂടുതലായി പാർക്കുന്ന ബാഗ്ദാദിലെ ക്യാമ്പ് സാറായിൽ ബോംബ് സ്ഫോടനം ഉണ്ടായി. മുറിവേറ്റവരെ ആളുകൾ സഹായിക്കുവാൻ കൂടിവന്നപ്പോൾ രണ്ടാമത് ഒരെണ്ണം കൂടി പൊട്ടി. ഈ ആക്രമണത്തിൽ ഒൻപതു ക്രിസ്ത്യാനികൾ കൊല്ലപ്പെട്ടു. ഒരൊറ്റ ആക്രമണത്തിൽ ഇത്രയും പേർ കൊല്ലപ്പെടുന്നത് ആദ്യമായാണ്. സെപ്റ്റംബർ 24-ാം തീയതി ബാഗ്ദാദിലെ ഒരു പള്ളിയിലുണ്ടായ ബോംബ് സ്ഫോടനവുമായി അടുത്ത

ടുത്തുണ്ടായ ഈ രണ്ട് ആക്രമണങ്ങൾക്കു ബന്ധമുള്ളതായി നിരീക്ഷകർ കരുതുന്നു.

ഒക്ടോബർ 10 -ാം തീയതി ചൊവ്വാഴ്ച ഇറാഖിലെ ഒരു പള്ളിക്കാര്യ മന്ത്രിയായ പൗലോസ് ഇസ്ക്കന്തരെ മോസുളിൽ നിന്നും ബലമായി പിടിച്ചുകൊണ്ടുപോയി. ജാമ്യപ്പണമായി 250,000 ഡോളർ ആവശ്യപ്പെട്ട് ഇസ്ക്കന്തരുടെ മൂത്തമകന് ഫോൺ സന്ദേശം കിട്ടി. കുടുംബത്തിന് ഈ തുക കണ്ടെത്തുവാൻ നിർവാഹമില്ലാത്തതിനാൽ വിലപേശലിൽക്കൂടെ മോചനദ്രവ്യമായി 40,000 ഡോളർ കൊടുക്കാമെന്നു സമ്മതിച്ചുവെങ്കിലും, ഇസ്ക്കന്തർ പോകുന്ന ദേവാലയത്തിൽ നിന്നും കഴിഞ്ഞ മാസം മാർപ്പാപ്പ നടത്തിയ പരാമർശനങ്ങളെ പരസ്യമായി അപലപിക്കണമെന്ന് തട്ടിക്കൊണ്ടുപോയവർ ആവശ്യപ്പെട്ടു. മോചനദ്രവ്യം കൊടുക്കുവാൻ സാധിക്കുന്നതിനു മുമ്പ് ഇസ്ക്കന്തരുടെ ശിരസ്സറ്റ ശരീരം ഒക്ടോബർ 12-ാം തീയതി മോസുൾ നഗര പ്രാന്തത്തിൽ വലിച്ച് എറിയപ്പെട്ട നിലയിൽ കണ്ടെത്തി. അദ്ദേഹത്തിന്റെ ശരീരത്തിൽ കുറ്റം സമ്മതിപ്പിക്കുവാൻ പീഡിപ്പിച്ചതിന്റേയും, സിഗറ്റു കുറ്റി കൊണ്ടുള്ള പൊള്ളലിന്റേയും, മർദ്ദനത്തിന്റേയും പാടുകളും, വെടിയുണ്ടയേറ്റ തുളകളും കാണുകയുണ്ടായി. ക്രിസ്ത്യാനികളോടുള്ള മുൻവിധി പ്രകടമാക്കുന്ന ബി.ബി.സി. പോലും ക്രിസ്ത്യാനികൾക്കു നേരെ പ്രയോഗിക്കുന്ന പീഡനങ്ങൾ വിരളമായേ വാർത്തകളിൽ പറയാറുള്ളു. സെപ്റ്റംബറിൽ ലണ്ടനിൽ നടന്ന ബി.ബി.സി. യുടെ ഒരു രഹസ്യ യോഗത്തിൽ, സ്വവർഗ്ഗ ലൈംഗികരും ന്യൂനപക്ഷങ്ങളിൽ നിന്നുള്ള വ്യക്തികളും അതിനെ നിയന്ത്രിക്കുന്നുവെന്നും, ബഹുസാംസ്ക്കാരികത്വം പ്രോത്സാഹിപ്പിക്കുകയും, അമേരിക്കൻ വിരുദ്ധവും ഗ്രാമവിരുദ്ധവുമായ മനോഭാവം കൈക്കൊള്ളുന്നുവെന്നും ക്രിസ്ത്യാനികളേക്കാൾ മുസ്ലീങ്ങളോടു ചായ്‌വ് കാണിക്കുന്നുവെന്നും ആ സ്ഥാപനത്തിന്റെ ഉന്നത മേധാവികൾ സമ്മതിക്കുകയുണ്ടായി. അവർ ടെലിവിഷൻ പരിപാടികളിൽ ബൈബിൾ എടുത്തു ചവറ്റുകൊട്ടയിൽ എറിയുന്ന രംഗം അംഗീകരിക്കും, ഖുറാന്റെ കാര്യത്തിൽ അങ്ങനെയല്ല.

ക്രിസ്തീയ വിരുദ്ധ 'രാഷ്ട്രീയ ഭേദഗതി'യുടെ സംസ്ക്കാരം നമ്മുടെ സർവ്വകലാശാലകളിലും വ്യാപിക്കുകയാണ്. എഡിൻബറോ സർവ്വകലാശാലയിലെ ക്രിസ്ത്യൻ വിഭാഗത്തിന് ലൈംഗിക വിശുദ്ധി പ്രചരിപ്പിക്കുന്ന ഒരു കോഴ്സ് പഠിപ്പിക്കുവാൻ അനുമതി നിഷേധിച്ചു. കാരണം, സ്വവർഗ്ഗ ഭോഗികളുടെ അവകാശത്തെ അതു ചോദ്യം ചെയ്യുന്നുവെന്നാണ്. വിദ്യാർത്ഥി സംഘടനകളിൽ നിന്നും എക്സിറ്റർ സർവ്വകലാശാലയിലെ ക്രിസ്ത്യൻ വിഭാഗത്തെ പുറത്താക്കി. അംഗത്വം വേണമെങ്കിൽ ബൈബിളിലെ അടിസ്ഥാന പ്രമാണങ്ങൾ അംഗീകരിച്ച് ഒരു പ്രതിജ്ഞാ പത്രത്തിൽ ഒപ്പു വെയ്ക്കണമെന്ന വ്യവസ്ഥ ഒരു വിദ്യാർത്ഥിക്കു സ്വീകാര്യമല്ലെന്ന് പരാതിപ്പെട്ടതാണ് അതിന്റെ കാരണം. ചൈനയിലും മുസ്ലീം രാജ്യങ്ങളിലുമൊക്കെ നിലവിലുള്ള പീഡനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇതു ഗൗരവതരമായ പീഡനമല്ലെങ്കിലും, കാറ്റ് എങ്ങോട്ടാണ് അടിക്കുന്നു എന്നതിന്റെ സൂചനയാണ്.

യേശു പറഞ്ഞു:

*'എന്റെ നാമം നിമിത്തം സകലജാതികളും നിങ്ങളെ പകയ്ക്കും'* (മത്തായി 24:9).

അന്ത്യകാലത്തിന്റെ ഒരു അടയാളമായി ഇത്തരം പീഡനങ്ങൾ കൂടുതൽ കൂടുതൽ അനുഭവപ്പെടുകയാണ്. വളരെക്കാലമായി ക്രിസ്ത്യാനികളെ എതിർത്തു കൊണ്ടിരിക്കുന്ന രാജ്യങ്ങളിൽ മാത്രമല്ല, ക്രിസ്തീയം എന്ന് അറിയപ്പെടുന്ന പാശ്ചാത്യ രാജ്യങ്ങളിലും ഇത് അനുഭവപ്പെടുകയാണ്.★

## യരുശലേമിന്റെ സമാധാനത്തിനായി പ്രാർത്ഥിക്കുക (സങ്കീ 122:6)

പശ്ചിമേഷ്യയിൽ സംഘർഷം തുടരുകയും തൽഫലമായി അനവധിയാളുകൾ കൊല്ലപ്പെടുകയും വസ്തുവകകൾ നശിപ്പിക്കപ്പെടുകയും ചെയ്യുന്നു. ഇസ്രായേലും ലെബാനോനുമായുള്ള അതിർത്തിയിൽ ഹിസ്ബൊല്ലയുമായി പൊരിഞ്ഞ യുദ്ധം നടന്നു. പലസ്തീനിൽ ഹമാസുമായി ഏറ്റുമുട്ടൽ തുടരുന്നു. ഇറാഖിൽ ദിവസം തോറും അനേകരാണ് കൊല്ലപ്പെടുന്നത്. അമേരിക്ക, 'ഭീകരതയ്ക്ക് എതിരെ യുദ്ധം' പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഭീകര ഭീഷണി ഏറുന്നതല്ലാതെ കുറയുന്നില്ല. യൂറോപ്പിലും പശ്ചിമേഷ്യയിലും മാത്രമല്ല അമേരിക്കയിലും ഭീകരാക്രമണങ്ങൾ നടക്കുന്നു. ലോകത്തിലെ എണ്ണ ലഭ്യത ഏറെയും പശ്ചിമേഷ്യയെ ആശ്രയിച്ചിരിക്കുന്നതിനാൽ അവിടെ എന്തു സംഭവിക്കുന്നു എന്നത് ലോകത്തെ സംബന്ധിച്ചിടത്തോളം പരമപ്രധാനമാണ്.

ദൈവജനമായ യഹൂദർ ഇന്ന് ലോകത്തിൽ ഒറ്റപ്പെട്ട അവസ്ഥയിലാണ്. മാദ്ധ്യമങ്ങൾ മാത്രമല്ല, അംഗ സംഖ്യ കൂടുതലുള്ള സഭാവിഭാഗങ്ങൾ പോലും ഇസ്രായേലിനെ ഇടിച്ചു തകർക്കുന്ന പ്രസ്താവനകൾ ചെയ്യുകയാണ്. കാന്റർബറി ആർച്ച് ബിഷപ്പ് ഈയിടെ ബേത്ലഹേം സന്ദർശിച്ച് ഇസ്രായേലിനെ കുറ്റപ്പെടുത്തി സംസാരിക്കുകയുണ്ടായി.

ഇവയിൽക്കൂടിയെല്ലാം ബൈബിളിൽ വിവരിച്ചിരിക്കുന്ന അന്ത്യകാല സംഭവങ്ങൾ നമ്മുടെ മുമ്പിൽ നിരന്നു വരികയാണ്. യിസ്രായേലിന്റെ പരിപാലകൻ മയങ്ങുകയില്ല, ഉറങ്ങുകയുമില്ല. നമ്മുടെ ദൈവമായ യഹോവ രക്ഷിക്കുന്ന വീരനായി കൂടെയുണ്ട്. വാഗ്ദത്ത സന്തതിയായ യഹൂദനു ഉദ്ധാരണവും രക്ഷയും ഉണ്ടാകും.

*'അവർ നിന്നെ ഭ്രഷ്ടയെന്നും ആരും തിരിഞ്ഞു നോക്കാത്ത സീയോനെന്നും വിളിക്കകൊണ്ട്, ഞാൻ നിന്റെ മുറിവുകളെ പൊറുപ്പിച്ച് നിനക്ക് ആരോഗ്യം വരുത്തും എന്ന് യഹോവയുടെ അരുളപ്പാട് (യിര 30:17). യരുശലേമിന്റെ സമാധാനത്തിനായി പ്രാർത്ഥിപ്പിൻ.* ★

---


**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:-**

**പ്രത്യാശാദീപം, മേഴ്സിഹോം**

**ചേപ്പാട് പി.ഒ., ആലപ്പുഴ ജില്ല - 690507**

**ഫോൺ: 0479 - 2412459 ഫാക്സ്: 2414459**

**E-mail : hopemsn@satyam.net.in**


***(സ്വകാര്യ വിതരണത്തിന് മാത്രം)***